# The Palm Leaf

*From* **KERALA ARTS & LITERARY ASSOCIATION (UK)**




VOL 28
**OCTOBER 2024**

ISSN number 1468-7801

**KALA (UK) is a registered charity. No 1144122**

www.kala.org.uk

# KALA EXCOM

Chief Patron: - Dr. P. K. Sukumaran Nair
President: - Dr. Nanu Kandiyil
Secretary: - Mr. Sreeram Pillai
Treasurer: - Mr. Manoj Nambiar
Convenor: - Mr. Praveen Nair
Arts Secretary: - Mr. Ajay Chandran
Nadumuttam Coordinator: - Dr. S. Vijayanand
Literary Day Coordinator: - Dr. Nisha Ramkumar
Technology: - Mr. Vipin Selvaraj

**Palm Leaf Editor- in -Chief**
Dr. Hema Santhosh

**Legal & Policy**
Mr. K.S. Sreekumar

**Youth Co-Ordinators:-**
Miss. Neharika Ajay
Mr. Aashish Menon

**Immediate Past editor**
Mr. K.S. Sreekumar

**Cover Painting: Anamika**



She is a self taught artist and practising doctor.

**Back Cover Photo: Mr.Prajeesh**



Therapy radiographer .
Loves history and travelling

Scan and listen to Palmleaf online

KALA

KALA (UK) is a Regd. Charity - No 1144122

The Palm Leaf

## Palm Leaf Editorial Board



**Editor- In-Chief**
Dr. Hema Santhosh



Mrs. Anupama Menon



Dr. Ramesh Nair



Dr. Sita Jayakumar



Dr. Rajashree Baburaj



Mr. Vipin Selvaraj

**WINNER OF KALA PURASKARAM 2024 AND CHIEF GUEST 2024**



**Shri Vayalar Sarath Chandra Varma**

# EDITOR'S NOTE



## om shri gurubhyo namah

*I am grateful to anyone who has enlightened me, teacher or otherwise. A big thanks to the previous Palm Leaf Editors who have shared their wisdom and experiences with me, to the Kala family for entrusting me with this important role and to the authors for handing in their articles in good time.*

*Delighted to announce that this year Palm Leaf will release an audio version of the articles, read by the authors themselves, giving another dimension to their narrative, alongside the print edition. Really hope that you will enjoy this. Please bear with us if you find any teething issues. Any creative suggestions are welcome.*

*We have kept you entertained and informed whilst tapping into the in-house talent, adults and kids, alike. There are also articles from renowned writers and poets. The legend, Vayalar Rama Varma (pg 13) is viewed through different kaleidoscopes. I confess to showing my penchant for Performing Arts by creating a section 'Nata'. I recommend each article by renowned writers and experts in their field (in bold) in that section. A referenced article by Sumana Sen (pg 35) explores Bharata-nrityam and how the dance affects layers of our wellbeing. Being a student of Bharata-nrityam and a practising doctor, this topic is very close to my heart. 'Body is trained in dance, only to be forgotten' (Dr. Padma Subramanian).*

*In her article Moving Together, Aswathy Nair explains the changes in dance education (pg 46). It is deeply inspiring to see how some dancers have used their art as a tool in community engagement such as victim rehabilitation and dance education for the blind.*

*There is a double treat for Kala's Kathakali lovers by Sri E.P. Unny, the political cartoonist, page (pg 50)*

*Dr. Madhusudhan delves deep into a less known contemporary art form, Kerala Natanam (pg 41) an offshoot of classical Kathakali. This represents a significant evolution of Indian Performing Arts. I hope that, like me, you will find this very educational.*

*Dr. Kannan beautifully captures the nuggets of the relationship between temples and Performing Arts in his article (pg 49).*

*The authors have kindly sent us videos to help visualise the descriptive texts.*

*I cannot overstate my gratitude to the Palm Leaf technical and editorial team. Without their invaluable support, this task would have been insurmountable. I also extend my heartfelt thanks to my family, whose unwavering support has been a constant source of strength.*

*Dr. Hema Santhosh*
*EDITOR-IN-CHIEF*

# Contents


05 **സൗഹൃദം**
Mrs. Shantha Krishnamoorthy

07 **പേരുകൾക്കപ്പുറം ഒരു ആത്മീയലയനം**
Prof. V. Madhusoodanan Nair

08 **വയലാർ വീണ്ടും ഗർജ്ജിക്കുന്നു**
Dr.K. Baburaj

10 **DANCING PEACOCKS**
Dr. Sethulekshmy Nair

14 **പദ്മതീർത്ഥത്തിൽ ഉണർന്ന സർഗ്ഗ സ്വപ്നങ്ങൾ**
Unnikrishnan Chowalloor

18 **IN DEFENCE OF VAYALAR**
Mr. K. S. Sreekumar

20 **VAYALAR RAMA VARMA: THE VOICE OF ROMANTIC ELEGANCE, SPIRITUAL...**
Prof. Pradeep Vasudevan

25 **MINDFUL GARDENING**
Dr. Arun Kishore

28 **പുട്ടെ... മാപ്പ്**
Dr. Murali Krishnan

29 **പേരും പെരുമയും**
Mr. K. Natarajan

31 **THE TRAGEDY OF WAR**
Geetha Venugopal

33 **പ്രവാസി**
Prof. S. Ramkumar

33 **കുട്ടിയുടുപ്പ്**
Sheela Divakaran

35 **BHARATA-NRITYAM AND LAYERED WELL BEING**
Sumana Sen Mandala

41 **KERALA NATANAM ANCIENT ART, FUTURISTIC VISION.**
Dr. Madhusudhanan P.V

46 **MOVING TOGETHER**
Aswathy Nair

49 **THE ART-EXPERIENCES IN TEMPLES**
Dr. Kannan Parameswaran

50 **TREADING THE CLASSICAL SPACE**
E.P. Unny

51 **DAUNTING, DIVINE, DEFERENTIAL**
Dr.Hema Santhosh

56 **INTERVIEW - ARUNDHATHI SUBRAMANIAM**
Dr. Seena Devaki

61 **ഓർമ്മകളിലൂടെ ഒരു തിരിഞ്ഞു നോട്ടം**
Dr. Divakaran Nair

63 **വേലിമാഹാത്മ്യം**
Dr. S.Sreedevi

64 **NOSTALGIA**
Aditi Hrisheekesh

65 **സ്വേച്ഛാധിപതിക്കൊരു ഒരു ശിലാലേഖം**
Sreekant Thamarasseri

65 **ദീപം**
V.Gopal

66 **DHANVANTARI**
Ananya Unnikrishnan

67 **മിത്രവും ശത്രുവും**
Prof. M.N.Karassery

69 **A WAVE WATCHING TOUR**
Ammu Nair

72 **HUMANITY**
Ashish Menon

73 **FROM COUCH TO PEAKS**
Anju Kirankumar

75 **A DAY WITH KALA VOLUNTEERS**
Karthy Sooraj

77 **INSIDE THE MOUTH OF THE GIFT HORSE**
Gayatri Devi

80 **മഴയും കുടയും ഇംഗ്ലണ്ടും**
Dr.Beena

82 **ഓർമ്മയിൽ ഒരു നല്ല ഓണം**
K.K. Vijayakumar

84 **KUNG FU PANDA 3 (REVIEW)**
Neelmadhav Pillai

84 **TINSIDE OUT (REVIEW)**
Vanshika Vipin

85 **INSIDE OUT 2 REPORT**
Aadhya Chalil

86 **WILLY WONKA A DELECTABLE FAMILY ADVENTURE**
Shraddha

86 **MY FAVOURITE MOVIE**
Advaith Praveen

87 **A POEM ABOUT THE STUDIO GHIBLI FILM ‘ARRIETTY’**
Tulsi Nair

88 **കാമോഗ്ലിയിലെ കല്ലുമലകൾ**
Sreekala Nair

93 **THE WIND**
Meghna Menon

94 **Luminous**
Meghna Menon


Contents

# സൗഹൃദം



**Mrs. Shantha Krishnamoorthy**

*Shanthachechi is deeply rooted in Malayalam literature.*

ലോകം ഉണ്ടായ കാലം മുതൽ നമുക്ക് അനുഭവതലത്തിൽ ലഭിച്ച അനുഭൂതി ആണ് സൗഹാർദം. നമ്മുടെ ജീവിതത്തിൽ നാം പലരെയും പരിചയപ്പെടും, അടുക്കും എങ്കിലും വളരെ കുറച്ചു പേരെ ആത്മസുഹൃത്തുക്കളായി തീരാറുള്ളൂ. സൗഹാർദ്ദം ഒരു വരദാനമാണ്. ഒരു ആത്മസുഹൃത്തിന് നമ്മളിലെ നന്മയെ തിരിച്ചറിയാനും നമ്മുടെ ജീവിതത്തെ തന്നെ നല്ല രീതിയിൽ മാറ്റാനും സാധിക്കും. നമ്മുടെ മാതാപിതാക്കളോട് പോലും പറയാൻ പറ്റാത്ത കാര്യങ്ങൾ സുഹൃത്തുമായി പങ്കിടാൻ കഴിയൂ.

സൗഹാർദ്ദത്തിന് രക്തബന്ധം ഇല്ല ജാതിമതമില്ല വലുപ്പച്ചെറുപ്പം ഇല്ല. അവിടെ പരസ്പര വിശ്വാസവും സ്നേഹവും മാത്രം. ഈ സൗഹാർദ്ദം പുരുഷനും പുരുഷനും, സ്ത്രീയും സ്ത്രീയും, പുരുഷനും സ്ത്രീയും തമ്മിലും ആകാം. ഭാര്യാഭർത്താക്കന്മാർ ആയാലും അവിടെയും ഒരു ഫ്രണ്ട്ഷിപ്പ് ഉണ്ടാകാം. അതുപോലെ അച്ഛനും മകനും, അമ്മയും മകളും, അദ്ധ്യാപകനും വിദ്യാർത്ഥികളും, മനുഷ്യരും പക്ഷിമൃഗാദികളും തമ്മിലും അങ്ങനെ പലതരത്തിലും സ്നേഹബന്ധം ഉണ്ടാകാം.

സൗഹാർദ്ദത്തിൻറെ ജാലക വാതിൽ തുറന്നാൽ എല്ലാ മേഖലകളിലും കാണാൻ കഴിയുന്ന ഒരു പ്രതിഭാസമാണ് സുഹൃദ്ബന്ധം.

നാം ഒന്നാം ക്ലാസ് മുതൽ തന്നെ ചങ്ങാത്തത്തെ പറ്റി പഠിച്ചിട്ടുണ്ട്. നിങ്ങളിൽ പലരും ഓർമിക്കുന്നവരായിരിക്കും. മണ്ണാങ്കട്ടയും കരിയിലയും കൂടി കാശിക്കു പോയ കഥ. പരസ്പര വിശ്വാസത്തോടെ ആണവർ. ഒരു കൊടുങ്കാറ്റ് വന്നപ്പോൾ മണ്ണാങ്കട്ട കരിയിലയുടെ പുറത്ത് കയറിയിരുന്ന് കരിയില പറന്നു പോകാതെ രക്ഷിച്ചു. പിന്നെ കാറ്റും മഴയും കൂടി ഒരുമിച്ചു വന്നപ്പോൾ കരിയില പറന്നു മണ്ണാങ്കട്ട അലിഞ്ഞും പോയി. അവരുടെ സ്നേഹത്തെയും പരസ്പര വിശ്വാസത്തെയും ആണ് ഇത് കാണിക്കുന്നത്.

പുരാണങ്ങളിൽ മുങ്ങി തപ്പിയാൽ അവിടെയും നമുക്ക് കാണാൻ കഴിയും സൗഹാർദ്ദത്തിന്റെ കഥകൾ..

ഗുരുകുല കാലത്ത് സഹപാഠികൾ ആയിരുന്ന ഭഗവാൻ കൃഷ്ണനും, കുചേലൻ (സുധാമ) എന്ന ബ്രാഹ്മണ ബാലനും തമ്മിൽ വലിയ കൂട്ടുകെട്ടായിരുന്നു. പിന്നീട് വർഷങ്ങൾക്കുശേഷം വളരെ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന കുടുംബത്തെ പോറ്റാൻ നിവൃത്തിയില്ലാതെ, ഭാര്യയുടെ ആവശ്യപ്രകാരം, ഒരുപിടി നെല്ല് കുത്തി മലരാക്കി മുഷിഞ്ഞ മുണ്ടിൽ പൊതിഞ്ഞു, സുഹൃത്തായ ഭഗവാനോട് സഹായം അഭ്യർത്ഥിച്ച ചെന്നു. കുചേലൻ ഭഗവാന്റെ സൽക്കാരത്തിൽ സ്വയം മറന്ന്, വന്ന കാര്യം പറയാനും അവിൽ പൊതി കൊടുക്കാനും മറക്കുന്നു. കൃഷ്ണനും ആഗമനോദ്ദേശത്തെ കുറിച്ചൊന്നും ചോദിച്ചില്ല. എങ്കിലും കുചേലന്റെ പക്കൽ നിന്നും അവിൽ പൊതി പിടിച്ചുവാങ്ങി കഴിക്കാൻ തുടങ്ങുന്നു, രണ്ടു പിടി കഴിച്ച് മൂന്നാമത്തെ പിടി കയ്യിൽ എടുക്കുമ്പോൾ ലക്ഷ്മി ദേവി സ്നേഹപൂ ർവ്വം വിലക്കുന്നു. കുചേലൻ തിരിച്ചു പോകുന്ന വഴി ഭഗവാനോട് ഒന്നും ചോദിച്ചില്ലല്ലോ ഇനി ഭാര്യയോട് എന്തു പറയും എന്നോർത്ത് വിഷമിക്കുന്നു. പക്ഷേ വീട്ടിൽ എത്തിയപ്പോൾ കണ്ട കാഴ്ച കുചേലന് വിശ്വസിക്കാൻ കഴിഞ്ഞില്ല. ജീവിതമാകെ മാറിമറിഞ്ഞ് സമ്പൽ സമൃദ്ധിയിൽ മുങ്ങി നിൽക്കുന്ന കുടുംബത്തെയും പരിസരങ്ങളും ആണ് കണ്ടത്. അങ്ങനെ ഭഗവാന്റെ കാരുണ്യം മനസ്സിലാക്കുന്നു. ഭഗവാൻ വർഷങ്ങൾക്കുശേഷവും പഴയ ചങ്ങാതിയെ മറന്നില്ല! ഇത് രാമപുരത്ത് വാര്യർ കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന കവിതയിൽ വിവരിച്ച് എഴുതിയിട്ടുണ്ട്. ചികഞ്ഞു നോക്കിയാൽ ഇതുപോലെ പുരാണകഥകൾ ധാരാളം കാണാൻ സാധിക്കും.

ഇനി സാഹിത്യത്തിൻറെ ലോകത്തിലെ സൗഹാർദങ്ങളിലേക്ക് കടക്കാം. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിലെ ശകുന്തളയുടെ കഥ നോക്കാം. കണ്വാശ്രമത്തിൽ വളർന്ന ശകുന്തളയ്ക്ക് രണ്ട് ആത്മസഖികൾ ഉണ്ടായിരുന്നു. അസൂയ ലേശവും തീണ്ടി യിട്ടില്ലാത്ത അനസൂയയും മധുരമായി സംസാരിക്കുന്ന പ്രിയംവദയും. ശകുന്തളയ്ക്ക് കാട്ടിലെ മുല്ലവള്ളിക്ക് ഒരു തേന്മാവ് കിട്ടിയത് പോലെ ഒരു നല്ല തോഴൻ വരണമെന്നും അതുപോലെ അവളുടെ സുഖജീവിതം മാത്രം ആഗ്രഹിക്കുന്ന രണ്ടു സഖികൾ. ശകുന്തളയ്ക്ക് വേറെ രണ്ടു കൂട്ടുകാരികൾ കൂടി ഉണ്ടായിരുന്നു. വനജ്യോത്സന എന്ന മുല്ലവള്ളിയും ദീർഘാപാംഗൽ എന്ന മാൻ കുട്ടിയും എത്ര സുന്ദരമായ സ്നേഹബന്ധങ്ങൾ.

അടുത്തതായി കുമാരനാശാൻെറ മാനസപുത്രി, രാമച്ചവിശറി പനിനീരിൽ മുക്കി തോഴിയെ കൊണ്ട് കൈവള കിലുക്കുമാറ് വീശിച്ച് ലോകൈക സുന്ദരി വാസവദത്തയെ നോക്കാം. തോഴിയാണ് അവൾക്ക് എല്ലാം, ഉപഗുപ്തനോട് തന്നെ അറിയിക്കുന്നത് തോഴിയെ കൊണ്ടാണ്.

ഒരു സന്ദർശനത്തിനുള്ള സമയമായില്ല എന്ന മറുപടി കേട്ട്-

‘സമയമായില്ല പോലും, സമയമായില്ല പോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴി"

എന്ന് പരിഭവം പറയുന്നതും തോഴിയോട് തന്നെ. അവസാനം വിധി വൈപരീത്യതാൽ അംഗവിഛേദം വന്ന് ശ്മശാനത്തിൽ കിടക്കുമ്പോഴും ശുശ്രൂഷിക്കുന്നത് തോഴിയാണ്. ഇത് കറയറ്റ ആത്മാർത്ഥ സ്നേഹബന്ധത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ഇതിനേക്കാൾ ഏറെ വളരെ പ്രശസ്തമായ ഒരു സുഹൃത്ത് ബന്ധത്തിന്റെ കഥയാണ് ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ രമണൻ എന്ന കവിത. തന്റെ സുഹൃത്തായ ഇടപ്പള്ളി രാഘവൻപിള്ള പ്രേമ നൈരാശ്യം മൂലം ആത്മഹത്യ ചെയ്തപ്പോൾ അതിൽ മനംനൊന്ത് അതൊരു ആട്ടിടയന്മാരുടെ ജീവിതത്തിലെ പ്രേമകഥയായി കവിതാരൂപത്തിൽ എഴുതി പിന്നീടത് പ്രശസ്തമായ ഒരു വിലാപകാവ്യം ആയി മാറി. കഥാപാത്രങ്ങൾ ആത്മ മിത്രങ്ങളായ രമണനും മദനനും.

"മലരണിക്കാടുകൾ തിങ്ങിവിങ്ങി,
മരതകകാന്തിയിൽ മുങ്ങി നിൽക്കുന്ന"

കാനനത്തിൽ തോളുരുമ്മി നടക്കുന്ന രണ്ട് യുവാക്കൾ. രമണൻ ഒരു ധനിക പുത്രിയായ ചന്ദ്രികയും ആയി പ്രണയത്തിൽ ആകുകയും അതു മൂലം പല എതിർപ്പുകളെയും നേരിടേണ്ടി വന്ന് ഒന്നിലും ഒരു താൽപര്യവും ഇല്ലാതെ ദുഃഖിതനായി ഇരിക്കുമ്പോൾ മദനൻ ചോദിക്കുന്നു

‘രമണ നീ എന്നിൽ നിന്നാ രഹസ്യം
ഇനിയും മറച്ചു പിടിക്കുകയാണോ
ഇരുമെയ് ആണെങ്കിലും നമ്മൾ ഒറ്റ
കരളല്ലേ നീ എൻറെ ജീവനല്ലേ!"

ഈ നാലുവരികൾ അവരുടെ സൗഹാർദ്ദത്തിന്റെ ആഴം വിളിച്ചു പറയുന്നില്ലേ?

ഇനി അധികമാരും അറിയാത്ത ഒരു സുഹൃത്ത് ബന്ധത്തിന്റെ കഥ പറയാം. ഇതിലെ കഥാപാത്രങ്ങൾ മറ്റാരുമല്ല മഹാകവികളായ ഉള്ളൂരും, കുമാരനാ ശാനും ആണ്. അവർ തമ്മിൽ സഹോദരനിർവിശേഷമായ ഒരു ബന്ധമാണ് ഉണ്ടായിരുന്നത്. ഉള്ളൂരിൻറെ അനുജൻ കൃഷ്ണൻറെ വിവാഹത്തിന് മുഖ്യാതിഥിയായി ചെന്നത് ആശാൻ. അദൃഢത നിറഞ്ഞ തെക്കൻ തിരു വിതാം കൂറിൽ അയിത്തം ഉച്ചസ്ഥായിയിൽ നിന്നിരുന്ന കാലം. വിവാഹ സദസ്സിൽ ഇരുന്ന ചില ജാതി കോമരങ്ങൾക്ക് ഒരു അബ്രാഹ്മണൻ ആയ ആശാൻറെ സാന്നിധ്യം അത്ര സുഖകരമായി തോന്നിയില്ല. അവിടെ ചില മുറുമുറുപ്പുകൾ ഉയർന്നു. ഉള്ളൂർ ആശാനെ സ്വീകരിച്ചു കൊണ്ടു വന്ന് മണ്ഡപത്തിൽ ഇരുത്തി. പക്ഷേ ഉള്ളൂരിനെ എതിർക്കാനുള്ള ധൈര്യക്കുറവ് കൊണ്ട് ആരും ഒന്നും മിണ്ടിയില്ല. അങ്ങനെ ആശാന്റെ സാന്നിധ്യത്തിൽ വിവാഹം മംഗളമായി നടന്നു. അയ്യൻ പുലയനെയും ആഢ്യാഞ്ചേരി തമ്പ്രാക്കളെയും ഒരുപോലെ കണ്ട സുഹൃത്തുക്കളുടെ ചിന്തകൾ ജാതിമതങ്ങൾക്കതീതമായിരുന്നു.



ആശാൻ പലപ്പോഴും ഉള്ളൂരിന്റെ ഭവനത്തിൽ പോകുമായിരുന്നു. രണ്ടുപേരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കും. പിന്നെ മണിക്കൂറുകളോളം നീണ്ടുനി ൽക്കുന്ന സാഹിത്യചർച്ച. ആശാൻ ചണ്ഡാലഭിക്ഷുകി എഴുതാൻ തുടങ്ങിയപ്പോൾ തിരുവനന്തപുരത്തുള്ള തൈക്കാട്ട് ശ്മശാനം കാണാൻ കൂടെ പോയത് ഉള്ളൂർ ആയിരുന്നു. ചണ്ഡാലഭിക്ഷുകിക്ക് അവതാരിക എഴുതിയതും ഉള്ളൂർ തന്നെ. പല സാഹിത്യ സമ്മേളനങ്ങളിലും അക്ഷരശ്ലോക സദസ്സുകളിലും പങ്കെടുത്തിട്ടുള്ളത് അവർ ഒരുമിച്ചായിരുന്നു. ജാതിമതങ്ങൾ ഇല്ലാത്ത ഒരു ലോകത്തായിരുന്നു അവർ മനസ്സുകളെ കുടിയിരുത്തിയിരുന്നത്. ആശാൻെറ മരണത്തെക്കുറിച്ച് ഉള്ളൂർ പറഞ്ഞത് ഇങ്ങനെയാണ്

‘ഇപ്പോൾ മലയാള സാഹിത്യലോകം ആശാൻ ഇല്ലാത്ത ഒരു കളരി ആയിത്തീർന്നിരിക്കുന്നു.’ ഇതുപോലെ തന്നെ വടക്കൻ പാട്ടുകളിലും ഇംഗ്ലീഷ് കൃതികളിലും എല്ലാം ധാരാളം സുഹൃത്ത് ബന്ധങ്ങളുടെ കഥകൾ കാണാൻ കഴിയും.

നമുക്കിനി ചലച്ചിത്രലോകത്തേക്ക് പോയാലോ, അവിടെയുമുണ്ട് സൗഹാർദ്ദത്തിന്റെ കഥകൾ. ഹിന്ദി ചിത്രങ്ങളായ ഷോലെ, ദോസ്തി, പിന്നെ പത്മരാജന്റെ ദേശാടനക്കിളി കരയാറില്ല- രണ്ടു പെൺകുട്ടികളുടെ സ്നേഹബന്ധത്തിന്റെ കഥ. ഈ ബന്ധത്തെ മറ്റൊരു രീതിയിലും വ്യാഖ്യാനിക്കപ്പെടുന്നു. പക്ഷേ സൗഹൃദം ഒരിക്കലും മാംസനിബന്ധമായ ഒരു അനുരാഗം അല്ല. നാടോടിക്കാറ്റിലെ ചങ്ങാതികൾ ആയ നമ്മുടെ ദാസനെയും വിജയനെയും മറക്കാൻ പറ്റുമോ?

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ബന്ധം നോക്കു കയാണെങ്കിൽ പ്രധാനികൾ നായ്ക്കുട്ടികൾ ആണ്. അവയ്ക്ക് നമ്മോടുള്ള സ്നേഹവും വിശ്വാസവും പറഞ്ഞറിയിക്കാൻ പ്രയാസമാണ്. A man's best friend is his dog എന്നല്ലേ പറയുന്നത്. അപൂർവ്വം ചില ആനകളും പാപ്പാന്മാരും തമ്മിലും ഉണ്ട് ഒരു ബന്ധം. സ്നേഹബന്ധങ്ങൾക്ക് കണക്കില്ല. നമുക്ക് ഈ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കാൻ കഴിയും ശ്രമിച്ചാൽ.

നമ്മുടെ സന്തോഷത്തിലും സന്താപത്തിലും ഒരു പോലെ ഒരു കൈത്താങ്ങായി കൂടെ നിൽക്കുന്ന വ്യക്തിയാണ് യഥാർത്ഥ സുഹൃത്ത്. ഇത്തരം സുഹൃത്തുക്കളുടെ സഹകരണവും സാന്നിധ്യവും ആണ് നമ്മുടെ ജീവിതം സഹനീയം ആക്കുന്നത്.

*"A friend in need is a friend indeed"*

Featured Articles

# പേരുകൾക്കപ്പുറം ഒരു ആത്മീയലയനം



**Prof. V. Madhusoodanan Nair**
*Renowned poet and Malayalam literature critic*

കാവലായ് പിൻപേ നടക്കുന്നതാവുമോ
ജീവനായ് ഉള്ളിൽത്തുടിക്കുന്നതാവുമോ
ഈണമായ് സ്നേഹം തലോടുന്നതാവുമോ
പ്രാണനാണീയുറ്റ നിർമ്മല സൗഹൃദം
വേറിടിതുള്ളൊരീയാത്മബന്ധത്തിന്നു
പേരിടാനാവുമോ?പേരുകൾക്കപ്പുറം
ആത്മാവും ആത്മാവും ഒന്നായ് ലയിക്കുമീ
ആത്മീയതയാണമൃതമാം ജീവിതം



*Painting courtesy Dr. Sethulekshmy Nair*

# വയലാർ വീണ്ടും ഗർജ്ജിക്കുന്നു



**Dr.K. Baburaj**
*Consultant Rheumatologist*



‘വയലാറിന്റെ ഗർജ്ജനം’, എൻെറ ഓർമ്മ ശരിയാണെങ്കിൽ P.Bhaskaran എഴുതിയ ആദ്യത്തെ കവിതയാണ്. ഇത് വയലാർ രാമവർമ്മയെ കുറിച്ച് എഴുതിയതല്ല. വിപ്ലവത്തെ കുറിച്ചായിരുന്നു.

വയലാർ രാമവർമ്മ- ഈ പേര് ഓർമ്മവച്ച കാലം മുതൽ കേൾക്കുന്നതാണ്. അതിനാലാകാം ഞാനെന്ന നാലാം ക്ലാസുകാരന് ഒരു നടുക്കമായിരുന്നു അദ്ദേഹത്തിന്റെ മരണം. എന്നാൽ ഏകദേശം 18 വർഷങ്ങൾക്കു ശേഷം വയലാർ എന്ന പേർ കേൾക്കാൻ ഇടയായി. ഇത് എന്നെ വല്ലാതെ സന്തോഷിപ്പിച്ചു. രാമവർമ്മ എന്ന പേരിന് പകരം **ശരത് ചന്ദ്രവർമ്മ** എന്ന വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പല സിനിമാ താരങ്ങളുടെയും മക്കൾ സിനിമയിൽ എത്തിയിട്ടുണ്ട്. അവരെയെല്ലാം അവരുടെ മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ ശരത്തിന്റെ കാര്യത്തിൽ അതുണ്ടായില്ല. നേരെ മറിച്ച്, വയലാറിന് ശരത് സിനിമാലോകത്ത് പോകുന്നത് ഇഷ്ടമേ ഇല്ലായിരുന്നു. ദക്ഷിണാമൂർത്തി ശരത്തിനെ മദ്രാസിൽ കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ വയലാറിന് അത് ഇഷ്ടമായിരുന്നില്ല. ഒരു doctor അല്ലെങ്കിൽ ഗായകൻ, ഇതായിരുന്നു വയലാറിന് ശരത്തിനെ കുറിച്ചുള്ള സങ്കല്പം. അതിനായി boarding school-ൽ ശരത്തിനെ അയച്ചു. Rajagiri school (Kalamasseri), St.Xavier (Thumba) and Mar Ivanios (Trivandrum), ഇവിടെയെല്ലാം ശരത് പഠിച്ചു. വയലാർ തൻെറ കവിതകളെക്കുറിച്ച് ശരത്തിനോട് ഒന്നും പറഞ്ഞിട്ടില്ല. വയലാർ ഒരു സംസ്കൃത വിദ്വാൻ ആയിരുന്നിട്ടും ശരത്തിനെ സംസ്കൃതം പഠിപ്പിച്ചില്ല.

അച്ഛൻ മരിക്കുമ്പോൾ ശരത്തിന് പതിനഞ്ചു വയസ്സു മാത്രമായിരുന്നു. രണ്ട് സഹോദരിമാർ, അമ്മ, മുത്തശ്ശി- ഇവരെയെല്ലാം നോക്കേണ്ട ചുമതല ശരത്തിലായി. മകനെ ഡോക്ടർ ആക്കണമെന്ന വയലാറിന്റെ സ്വപ്നം അവിടെ നിലച്ചു. പിന്നീട് ഒരു distillery-യിൽ ജോലി കിട്ടിയെങ്കിലും മുത്തശ്ശിയുടെ ആ




രോഗ്യ കാരണത്താൽ അത് വിട്ടു. ജോലി നഷ്ടമായിട്ട്, വീട്ടിൽ നിൽ ക്കുന്ന സമയത്താണ് ശരത് വയലാറിന്റെ ഗാനങ്ങളും കവിതകളും വേണ്ടവിധത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചത്. അച്ഛൻ ജീവിച്ചിരുന്നപ്പോൾ അച്ഛൻെറ ഗാനങ്ങളെക്കുറിച്ച് കാര്യമായി ഒന്നും അറിയില്ലായിരുന്നു. വയലാറിന്റെ പ്രശസ്തി മകനും മറ്റു കുടുംബക്കാർക്കും മനസ്സിലായിട്ടില്ലായിരുന്നു. മാത്രമല്ല ഏകദേശം 30 പ്രാവശ്യം മാത്രമേ ശരത് അച്ഛനെ നേരിട്ട് കണ്ടിട്ടുള്ളൂ.

കുറച്ചുനാൾ കഴിഞ്ഞ് ഒരു കവിത ശരത് എഴുതി യേശുദാസിന് അയച്ചുകൊടുത്തു. അദ്ദേഹം അത് തരംഗിണിയുടെ അയ്യപ്പ ഗാനങ്ങളിൽ ചേർത്തു. അതായിരുന്നു ശരത്തിൻെറ ആദ്യത്തെ ഗാനം. (അതിനുമുമ്പ് ചില കൂട്ടുകാർക്ക് love letters എഴുതിയിട്ടുണ്ട്). ആദ്യത്തെ സിനിമാ സംരംഭം, അച്ഛന്റെ ഉറ്റ സുഹൃത്തായ ദേവരാജനുമൊരുമിച്ചായിരുന്നു. സിനിമയുടെ പേര് എൻെറ പൊന്നു തമ്പുരാൻ. അതിനുശേഷം മിഴിരണ്ടിലും എന്ന സിനിമ ശരത്തിനു വലിയ പ്രശസ്തി നൽകി. അതിലെ ഒരു ഗാനമായ 'എന്തിനായ് നീ വലംകയ്യാൽ മുഖം മറച്ചു' എഴുതിയതിനു പിന്നിൽ രസകരമായ ഒന്നു രണ്ടു വിശേഷങ്ങളുണ്ട്. ശരത്തിന് ആദ്യം കുറച്ച് പരിഭ്രമം ഉണ്ടായിരുന്നു. ഈ വലിയ project തനിക്ക് ചെയ്യാൻ കഴിയുമോ എന്ന്. അന്ന് രാത്രി സ്വപ്നത്തിൽ വയലാർ വന്ന് ശരത്തിനോട് പറഞ്ഞു എന്തിനായ് നീ പരിഭ്രമിക്കുന്നത്. ശരത്ത് ആ വാക്കു വച്ച് തന്നെ ആ ഗാനം എഴുതി. മാത്രമല്ല സംവിധായകൻ രഞ്ജിത്ത് ആ ഗാനം ഒരു പഴയ ഗാനമായ' അന്നു നിന്റെ നുണക്കുഴി തെളിഞ്ഞിട്ടില്ല' എന്ന ഗാനത്തിറെ tune-ൽ എഴുതാൻ പറഞ്ഞു. പക്ഷേ രവീന്ദ്രൻ പിന്നീട് ആ tune മാറ്റി.

ശരത് 180 ഉം മേലെ സിനിമകൾ ചെയ്തിട്ടുണ്ട്. വയലാറുമായുള്ള താരതമ്യം- അത് മനുഷ്യസഹജമാണല്ലോ. വയലാറിൻെറ കവിതകളിൽ തത്വജ്ഞാനം, സംസ്കൃതപദങ്ങൾ, വിപ്ലവം, കഠിന ശൃംഗാരം, ഇവയെല്ലാം ധാരാളം കാണാം. ശരത്തിൻെറ ഗാനങ്ങൾ ലളിത മധുരമാണ്. പണ്ഡിതനും പാമരനും ആസ്വദിക്കാൻ കഴിയുന്നതാണ്. വയലാർ രാമവർമ്മയുടെ മകൻ എന്നറിയപ്പെടാൻ ആഗ്രഹിക്കുന്നയാളാണ് ശരത്. നേരത്തെ കൊച്ചു വയലാർ എന്ന പേര് വയ്ക്കാൻ ആലോചിച്ചിരുന്നെങ്കിലും പിന്നീട് അത് വയലാർ ശരത്ചന്ദ്രവർമ്മ എന്നാക്കി. ഗാന രചനയോടൊപ്പം ഗാന നിരൂപണത്തിലും ശരത് അഗ്രഗണ്യനാണ്. വയലാറിന്റെ പല ഗാനങ്ങളും ശരത് നമുക്ക് മനസ്സിലാക്കി തരുമ്പോൾ അതിന് മറ്റൊരു സൗന്ദര്യം വരുന്നു. പ്രശസ്ത ഗായകനും സംഗീത സംവിധായകനുമായിരുന്ന LPR വർമ്മ ശരത്തിന്റെ ഒരു വല്യച്ഛനാണ്. ശരത് ഇപ്പോഴും ഗാനരചനാ രംഗത്ത് സജീവമാണ്. ഭാര്യ ശ്രീലത, മകൾ സുഭദ്ര. ഈ സമയത്ത് ശ്രീ വയലാർ രാമവർമ്മയുടെ നാലു വരി ഓർമവരുന്നു.

> ' കഴുകാ! പോ കഴുകാ!
> കറുത്ത ചിറകുമായി താണു പറന്നീ
> കനലിലെ കൂട്ടിൽ നിന്നെടുത്തു കൊള്ളൂ
> നാളത്തെ പ്രഭാതത്തിൽ
> ഈ കനൽ ഊതിയൂതി
> കാലമൊരു കത്തുന്ന പന്തമാക്കും
> തീപ്പന്തമാക്കും'

മരണമെന്ന കഴുകൻ വയലാറിനെ നമ്മളിൽ നിന്ന് എടുത്തു കൊണ്ടു പോയി. അവിടെ അവശേഷിച്ച കനൽ കാലം ഊതിയൂതി വയലാർ ശരത്ചന്ദ്രവർമ്മ എന്ന തീപ്പന്തമാക്കി .

വയലാറിന്റെ ഗർജ്ജനം നിലയ്ക്കുന്നില്ല. അത് കേരളമാകെ മുഴങ്ങുന്നുണ്ട്. ഇനിയും വളരെ നാൾ അതു മുഴങ്ങട്ടെ.

# DANCING PEACOCKS



**Dr. Sethulekshmy Nair**

*Retired Gynaecologist and Obstetrician*



One morning at Gokulam, in Vrindavan, Rohini was getting ready to go to the market in Mathura, which was the most important town in their land.

"Can I come with you Mama?" asked Balaram. "I would love to go to Uncle Kamsa's place to watch the wrestlers training for the festival wrestling tournament."

"Yes, you can, as long as you go only to the gym and nowhere else," was Rohini's answer to her son.

From behind the sofa, little Krishna cheekily piggy backed his brother's request, "Mama, can I go too? Maybe Uncle will give us a lot of presents."

Balaram, a big eleven year old, was into wrestling and boxing. Krishna, his younger brother, who was small for his age got into all sorts of mischief. However, as he was so incredibly captivating, warm and radiant, he hardly ever got punished as he melted the hearts of all around him. The two children partook in many adventures together

as they grew up and even quarrelled with each other from time to time.

Rohini, watching Krishna coyly adjusting the peacock feathers on his bandana, considered his plea and spoke to the boys, "Ok, but Balaram, don't let Krishna wander off. You know how your Uncle Kamsa feels about him." Rohini, as an afterthought, reminded the boys, "It's the festive season in Mathura, so don't get carried away with the festivities. Both of you have to come to the orphanage in time to give presents and food to the children as well as alms to the poor." The boys nodded readily in obedience to their Mama. They both looked forward to this festival every year, for they loved playing with the children there and being pampered by the adults.

So Rohini, with Balram and Krishna in tow set off for Mathura town in Surasena Kingdom which was a busy place, getting ready to welcome Uttarāyana Punyakālam and Makara Sankrānti. Kamsa, the chieftain, was planning to celebrate this seven day festival on a grand scale. The whole town and suburbs were being decorated. Various arenas were being erected and temporary shopping malls were opened. Extra transport facilities were being arranged along with the construction of temporary accommodation. A steady stream of people, some laden with their goods destined for the market in the city, were arriving from distant places to partake in the festivities and entertainment.

In Mathura, at the wrestling arena, Balaram was so engrossed in the action, that he did not notice Krishna slipping into Kamsa's beautiful garden. Kamsa kept a huge variety of birds including peacocks. The enchanted peacocks, drawn to Krishna by the mesmerising tunes from his flute, which was his constant companion (much to the envy of the many who adored Krishna and who wished to be always near him too), began to dance around him.

Kamsa, with a crooked smile, was watching Krishna's activities from his mansion. He was a firm believer in astrology and had been told that a nephew would be born who would bring him bad luck once he reached the height of five feet. Kamsa had received this warning when Krishna was still in his mother's womb. Since Krishna was still small and demonstrated no signs of an imminent growth spurt, his uncle remained happy.

With the warning from the astrologer in mind, Kamsa had commanded his house physician to concoct a potion which would stunt a person's growth. Eager to test the efficacy of the half researched potion, Kamsa, warmly called out to his nephew, "Krishna, come to Uncle and have this delicious juice." Krishna, hot and thirsty from his play, joyfully ran to his uncle. With Krishna sitting on his lap, chatting and sipping the juice, Kamsa who had always suffered from sleep apnoea, started snoring. With one strong inhalation from Kamsa, tiny Krishna was sucked into his uncle's nostrils.

Krishna had no control over his journey. He slipped down the lung tree, through the pharynx, into the trachea and bronchus. He tried to climb back up by stepping on the cartilages but with another inspiration, he slipped back and was pushed through the dark tubes of bronchioles into the alveoli. It was like falling down a chimney that had not been cleaned for years. Dark soot everywhere, suffocating and making him almost blind. Krishna called out, "Uncle, your lung tree is dying. You, of all persons, should know that smoking is injurious to health." It seemed as though no one heard him, but perhaps Kamsa did hear because the sound of his own snoring woke up the snoozing Kamsa. Quickly coming to his senses, although short of breath, he muttered to himself, "Where is Krishna, that big-time disaster?"

Kamsa, who was finding it difficult to breathe properly, panicked and sent for his physician. Krishna, sensing his uncle's panic, wanted to help him, so he took the peacock feathers off his bandana, looked at them sadly and said, "Sorry, but I have to get you dirty to do my job." Krishna then started dusting the lung tree, hoping that his uncle would not snore again whilst he was busy working,

Krishna did a very kind deed for his uncle's welfare. Copious amounts of soot came out of Kamsa's nostrils as if from a chimney. He thought that he was burning up inside and that he was about to meet his end. Fortunately for him, his physician promptly arrived and gave him some medicine to calm him down.

However, a sneeze from his uncle brought Krishna up to the main branch, the bronchus. Incredibly, despite all that was happening, Kamsa started snoring again and Krishna slipped into the other lung. It was absolutely blissful there. The air was fresh, almost like in a valley garden and a cool breeze blew in and out. Krishna, deciding that it was apt timing for a break, seated



himself comfortably on a branch and started playing his flute melodiously.

Kamsa felt something strange stirring from deep inside him which he had never experienced before. Although the unfamiliar, celestial music was calming him down, Kamsa wondered if this was actually the cue for his demise.

With deep concern, Kamsa's physician oserved his breathing pattern. Glancing around and surveying the room for any clue to explain Kamsa's current state, his eyes fell on the half empty potion bottle which he had earlier passed to Kamsa.

With horror he exclaimed, "Krishna!!! Oh no! What have you done, Chief? We have to get him out otherwise he will die and from pneumothorax, you will die too."

The physician need not have worried though, for of course, who needs to worry when Krishna is around? With a deft tickle of his uncle's throat with the peacock feathers, Krishna induced a fit of coughs and sneezes which launched him out from the prison of his uncle's respiratory tract.

Kamsa, in deep thought, watched little Krishna joyfully skip away in search of his brother amidst the festival crowds and wondered aloud, "Is he really meant to bring me bad luck?"

Having just witnessed this series of remarkable events, inaudible to Kamsa, the physician muttered to himself, "This little boy will grow much bigger than you can ever imagine."

"I need new peacock feathers." Krishna thought to himself as he hurried eagerly towards the wrestling gym arena to meet up with his brother.

The next morning, Rohini was astonished to see a flock of dancing peacocks in her front garden and exclaimed, "Where on earth have they come from?"

Observing Rohini's amazement, Krishna smiled to himself…



# വയലാർ

# പദ്മതീർത്ഥത്തിൽ ഉണർന്ന സർഗ്ഗ സ്വപ്നങ്ങൾ



**Unnikrishnan Chowalloor**
*A passionate follower of art and literarture*

ഓർമ്മകളുടെ മനോഹരമായ സഞ്ചാര വഴികളിലൂടെ ഒരിക്കൽ ഞാൻ യാത്ര ചെയ്യുമ്പോഴാണ് ഒരു മിന്നാമിനുങ്ങു പോലെ ആ നിമിഷം എന്റെ മനക്കണ്ണിൽ തെളിഞ്ഞു വന്നത്.

അതെ, അത് ഒരു വിഷുക്കാലമായിരുന്നു. ലണ്ടനിൽ നിന്ന് നാട്ടിലേക്കു അച്ഛൻ അമ്മമാരോട് കൂടി വിഷു ആഘോഷിക്കാൻ പോയതായിരുന്നു ഞങ്ങൾ. നല്ല വെയിലുള്ള ഒരു ദിവസം. ചൊവ്വല്ലൂർ ശിവക്ഷേത്രത്തിന്റെയും, തറവാട്ടമ്പലമായ തിരുവമ്പാടി ശ്രീ കൃഷ്ണ ക്ഷേത്രത്തിന്റെയും അരികിലുള്ള അനുഗ്രഹം എന്ന പേരുള്ള ഞങ്ങളുടെ വാരിയം. പൂമുഖത്തു അച്ഛനോടൊപ്പം (ശ്രീ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയോടൊപ്പം) വയലാർ ഇരിക്കുന്ന ചിത്രം ഞാൻ കണ്ടു.

അച്ഛനോട് സംസാരിക്കാൻ എന്നും എനിക്ക് വളരെ താല്പര്യമായിരുന്നു. വൈവിധ്യമായ വിഷയങ്ങൾ നർമ്മത്തിൽ ചാലിച്ച് അനായാസമായി അച്ഛൻ പറഞ്ഞു തരുമായിരുന്നു. സാഹിത്യം, സംഗതം, സിനിമ, സാംസ്കാരികം, പൈതൃകം, മഹാരഥന്മാരുമായുള്ള സമ്പർക്കം, അനുഭവം എന്നിങ്ങനെ ഒരു കൂട്ടം കാര്യങ്ങൾ സംസാരിക്കുമ്പോൾ പുതിയ അറിവുകളും, ആശയങ്ങളും സങ്കൽപ്പങ്ങളും എന്റെ അവബോധ മനസ്സിൽ അറിയാതെ തെളിഞ്ഞു വരുമായിരുന്നു.

പൂമുഖത്തെ ഇളം കാറ്റ് എന്റെ നാവിൻ തുമ്പത്തു ഒരു മൂളിപാട്ട് സമ്മാനിച്ചപ്പോൾ ഞാൻ അച്ഛനോടു ചോദിച്ചു, ‘‘അച്ഛാ.. അച്ഛേനറ്റവും ഇഷ്ട്ടപെട്ട സിനിമ ഗാനം ഏതാണ്?‘‘ ഒരു നിമിഷം പോലും എടുക്കാതെ മറുപടി വന്നു...

‘‘ചന്ദ്രകളഭം ചാർത്തി ഉറങ്ങും തീരം,
ഇന്ദ്രധനുസ്സിൻ തൂവൽ പൊഴിയും തീരം."

തുടർന്നു അച്ഛൻ ആ വരികൾ പാടി, ഞാൻ കൗതുകത്തോടെ കേട്ടിരുന്നു.

‘‘ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി...
എനിക്കിനിയൊരു ജന്മംകൂടി...‘‘

ആ വരികൾ പാടിയപ്പോൾ ഞാനും അച്ഛനോടൊപ്പം ഏറ്റു പാടി. ഒരു അസുലഭ നിമിഷമായിരുന്നു അത്. അച്ഛൻ ആസ്വദിച്ചു പാടുന്നത് കണ്ടപ്പോൾ തന്നെ എന്റെ ജിജ്ഞാസ തുടർ ചോദ്യമായി മാറി... ‘‘എന്ത് കൊണ്ടാണീ ഗാനം ?‘‘

‘‘ആ വരികളിലുള്ള ഭാവനാസമ്പന്നത നീ ശ്രദ്ധിച്ചുവോ?‘‘ അച്ഛൻ പറഞ്ഞു ‘‘വയലാറിന് മാത്രമേ ഇങ്ങനെ എഴുതാൻ കഴിയൂ... മനസ്സ് തൊട്ടറിഞ്ഞു കൊണ്ട് വൈകാരിക തലങ്ങളിലേക്ക് നമ്മളെ കൊണ്ടു പോകാനുള്ള അസാമാന്യമായ പ്രതിഭാശക്തിയാണ് വയലാറിന്റേത്...‘‘ അച്ഛന്റെ വാക്കുകൾ അന്ന് പുതിയ വാതായനങ്ങൾ എനിക്കു തുറന്നുതന്നു, ശ്രീ വയലാറിന്റെ പാട്ടുകളും അദ്ദേഹത്തെ കുറിച്ചും കൂടുതൽ അറിയണമെന്നായി ഞാൻ. ‘‘നമ്മുടെ ശേഖരത്തിൽ നിന്ന് നിനക്ക് ഞാൻ ഒരു പുസ്തകം തരാം‘‘ എന്ന് പറഞ്ഞു അച്ഛൻ ‘വയലാർ കൃതികൾ’ എന്ന പുസ്തകം നൽകി.

1976ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധപ്പെടുത്തിയ ‘വയലാർകൃതികൾ‘ എന്ന ഗ്രന്ഥം ഡി സി ബുക്ക്സ് 1996ൽ കൂടുതൽ ഗാനങ്ങളും, കവിതകളും കൂട്ടിച്ചേർത്തു പുനഃ പ്രസിദ്ധീകരിച്ചതിന്റെ പതിപ്പ് ആയിരുന്നു അത്.

ഉള്ളടക്കത്തിൽ പാദമുദ്രകൾ, കൊന്തയും പൂണൂലും, എന്റെ മാറ്റൊലി കവി തകൾ, സർഗ്ഗ സംഗീതം അടക്കമുള്ള കവിതാ സമാഹാരത്തിനോടൊപ്പം, ആയിഷ എന്ന ഖണ്ഡകാവ്യം, രക്തം കലർന്ന മണ്ണ്, വെട്ടും തിരുത്തും എന്ന കഥകൾ, പുരുഷാരത്തിലൂടെ എന്ന യാത്രാവിവരണം, ഒരു കവിതയുടെ ഡയറി അടക്കമുള്ള ലേഖനങ്ങളും ഉണ്ടായിരുന്നു. എന്നാൽ എന്നെ ഏറെ ആകർഷിച്ചത് അതിലുണ്ടായിരുന്ന 1200 ഓളം വരുന്ന ഗാനങ്ങൾ ആയിരുന്നു. ആയിരം പാദസരങ്ങൾ എന്ന അദ്ദേഹത്തിന്റെ വരികൾ പോലെ സങ്കല്പത്തിന്റെ, സ്വപനത്തിന്റെ, ഹൃദയത്തിന്റെ, മനുഷ്യത്വത്തിന്റെ, മണ്ണിന്റെ, മനസ്സിന്റെ, പ്രേമത്തിന്റെ, ഭക്തിയുടെ, ഇസത്തിന്റെ, വശ്യതയു ടെ, വൈകാരികതയുടെ ഒരു മാസ്മരിക ലോകത്തു നിന്നു ആയിരകണക്കിന് മണിമുത്തുകൾ ശ്രീ വയലാർ ഗാനങ്ങളായി അതിൽ സമ്മാനിച്ചിരിക്കുന്നു. എങ്ങിനെ

ഒരു മനുഷ്യജന്മത്തിൽ ഇത്രയേറെ വൈവിദ്ധ്യം തന്റെ കൃതികളിൽ അദ്ദേഹത്തിന് വരുത്താനായി, ചെറുപ്പകാലം മുതൽക്കേ സൃഷ്ടിയുടെ സരസ്വതീ കടാക്ഷം എങ്ങിനെ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടാവും? എന്റെ മനസ്സ് മന്ത്രിച്ചു.

1928 മാർച്ച് 25ന് വെള്ളാരപ്പള്ളി കേരളവർമ്മയുടെയും, വയലാർ രാഘവപ്പറമ്പിൽ അംബാലിക തമ്പുരാട്ടിയുടെയും സുപുത്രനായി ആലപ്പുഴ ജില്ലയിലെ വയലാറിൽ ജനിച്ച ശ്രീ വയലാർ രാമവർമ്മ, കുട്ടിക്കാലത്തു തന്നെ ഗുരുകുല സമ്പ്രദായത്തിൽ സംസ്കൃതം പഠിച്ചു. പാരമ്പര്യത്തിന്റെ സത്സമ്പത്തും, ഐതിഹ്യങ്ങളും, പുരാണങ്ങളും, ഇതിഹാസങ്ങളും അദ്ദേഹത്തിന്റെ സാഹിത്യ കൗതുകത്തിനേയും ബോധത്തേയും സ്വാധീനിച്ചിരിക്കാം. യൗവനം മുതൽക്കേ അവിഭക്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ഗാഢബന്ധം പുലർത്താനുള്ള സാഹചര്യം അദ്ദേഹത്തിനുണ്ടായി. അതിന്റെ അടിസ്ഥാനം തത്വശാസ്ത്രത്തിൽ ഊന്നിയ സിദ്ധാന്തം മാത്രമല്ല, സർവോപരിയായ മനുഷ്യസ്നേഹം തന്നെ ആണ് എന്നാണ് എന്റെ വിലയിരുത്തൽ. ഹൃദയത്തിന്റെ ഭാഷയിൽ അദ്ദേഹം മാനിഷാദ എന്ന്പ്രശസ്തമായ കവിതയിൽ എഴുതിയ വരികൾ ശ്രദ്ധിക്കൂ...

> ''സ്നേഹക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തിനെയും''

നാടക ഗാനശാഖയുമായി ബന്ധപ്പെട്ട കാലഘട്ടത്തിൽ KPACക്കുവേണ്ടി ശ്രീ വയലാർ എഴുതിയ അനശ്വരഗാനങ്ങൾ ഒരു ജനതയുടെ നാടി സ്പന്ദനത്തിന്റെ താളങ്ങളായി, അവ തലമുറകൾക്കു കൈമാറിയ കൈത്തിരി നാളങ്ങളായി. സംഘഗാനമായ 'ബലികുടീരങ്ങളേ... ബലികുടീരങ്ങളേ എന്ന ഗാനത്തിൽ വിപ്ലവ വീര്യം നിറഞ്ഞു നിൽക്കുമ്പോൾ അശ്വമേധം എന്ന നാടകത്തിനു വേണ്ടി എഴുതിയ ''ചില്ലുമേടയിൽ ഇരുന്നെന്നെ കല്ലെറിയല്ലേ, തലയ്ക്കു മീതെ ശൂന്യാകാശം എന്നീ ഗാനങ്ങളിൽ സാമൂഹ്യ വ്യവസ്ഥയിൽ അന്നുണ്ടായിരുന്ന അസന്തുലിതാവസ്ഥയോടുള്ള കവിയുടെ തൂലിക പോരാട്ടം നമുക്ക് കാണാം. ''പറന്നു പറന്നു പറന്നു ചെല്ലാൻ പറ്റാത്ത കാടുകളിൽ..'' സ്വർഗ്ഗം നാണിക്കുന്നു എന്ന നാടകത്തിൽ എഴുതിയ ഗാനത്തിന്റെ ആദ്യത്തെ ഈരടി കേരളം വിട്ട് ഒരു പ്രവാസി ആയതിന് ശേഷം എവിടെയോ എന്റെ ഹൃദയത്തിന്റെ കോണിൽ ഗൃഹാതുരത്വത്തോടുകൂടി ഞാൻ സൂക്ഷിച്ചു.

1956ൽ ''കൂടപ്പിറപ്പ്'' എന്ന സിനിമയിൽ ''തുമ്പീ തുമ്പീ വാ വാ'' എന്ന ഗാനവുമായാണ് ശ്രീ വയലാർ ചലച്ചിത്ര ലോകത്തേക്ക് അരങ്ങേറിയത്. അത് മലയാള കവിതയുടെ നഷ്ടമായെങ്കിൽ, ഗാനങ്ങളുടെ നേട്ടമായി ഭവിച്ചു എന്നതിൽ സംശയമില്ല. പിന്നെ ഏകദേശം രണ്ടു പതിറ്റാണ്ടു കൊണ്ട് തന്റെ സർഗാത്മതക്ക് അതിർ വരമ്പുകളില്ല എന്ന് അദ്ദേഹം തെളിയിച്ചു.

എത്ര എത്ര ഗാനങ്ങൾ... തരംതിരിച്ചു നോക്കാൻ ശ്രമിച്ചിട്ടും ഒരു ആധാരക്കെട്ടിൽ ഒതുക്കുവാൻ പറ്റുന്നതല്ല വൈവിദ്ധ്യം നിറഞ്ഞ ആ ഗാനശേഖരം... ഒരിടത്ത് സൗന്ദര്യസങ്കൽപ്പങ്ങളുടെ ഒരു ശാഖ (കായാമ്പൂ കണ്ണിൽ വിടരും, തങ്കതളികയിൽ പൊങ്കലുമായി വരും, തങ്ക ഭസ്മ കുറിയിട്ട തമ്പുരാട്ടി, യവനസുന്ദരി), മറ്റൊരിടത്ത് കാവ്യ മാധുരിയുടെ നിറച്ചാർത്ത് (സൂര്യകാന്തി സൂര്യകാന്തി, ഏഴു സുന്ദര രാത്രികൾ, ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ, പെരിയാറേ പെരിയാറേ) പിന്നെ അന്ധമായ വിശ്വാസങ്ങളോടുള്ള പടവെട്ടൽ (മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, പ്രവാചകന്മാരെ പറയൂ) സാമൂഹിക അന്യായങ്ങളോടുള്ള ചോദ്യംചെയ്യൽ (കണ്ണു തുറക്കാത്ത ദൈവങ്ങളെ, ചൊട്ട മുതൽ ചുടല വരെ), ഭക്തി സാന്ദ്രമായ ഈരടികൾ (ഏഴര പൊന്നാനപ്പുറത്തെഴുന്നള്ളും ഏറ്റുമാനൂരപ്പാ, ചെത്തി മന്ദാരം തുളസി, ഗുരുവായൂർ അമ്പലനടയിൽ, നിത്യവിശുദ്ധയാം കന്യാ മറിയമേ, തേടി വരും കണ്ണുകളിൽ, അമ്പാടിതന്നിലൊരുണ്ണി), മനുഷ്യ മനസ്സിന്റെ ചലനങ്ങൾ (ചലനം...ചലനം), പ്രേമത്തിന്റെ, വിരഹത്തിന്റെ വൈകാരികതയുടെ വർണങ്ങൾ (അനുപമേ അഴകേ, മാനസമൈനേ വരൂ, ആയിരം പാദസരങ്ങൾ, സംഗമം സംഗമം, സന്യാസിനി നിൻ...രാത്രി പകലിനോടെന്ന പോലെ...), ലാളിത്യവും കേരളീയതയും തുളുമ്പുന്ന ശീലുകൾ (കല്യാണി കളവാണി, കുട്ടനാടൻ പുഞ്ചയിലെ, പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം), മാനവികത (ഇടയകന്യകേ പോവുക നീ, കാട് കറുത്ത കാട്, ഈ കടലും മറുകടലും), ദേശീയത (ജയ ജയ ജയ ജന്മഭൂമി, ഗംഗാ യമുനാ സംഗമ സമതല ഭൂമി) ... ഇങ്ങിനെ നീളുന്നു നമ്മുക്കായി വാക്കുകൾ കൊണ്ട് അദ്ദേഹം തുറന്ന മായാജാലക വാതിലുകൾ. നാടക ഗാനങ്ങളായാലും, സിനിമാ ഗാനങ്ങളായാലും കാവ്യഭംഗി, സംവേദനാ ശക്തി, ഭാഷാ ശുദ്ധി എന്നിവ കൈവിടാതെ നോക്കാൻ പറ്റിയത് ശ്രീ വയലാറിന്റെ ഒരു അപൂർവ സിദ്ധി തന്നെയാണ്.



'ചക്രവർത്തിനീ നിനക്ക് ഞാൻ എന്റെ ശില്പ

ഗോപുരം തുറന്നു...' എന്ന അതി മനോഹരമായ ഗാനം അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ കാണുമ്പോൾ കാമുക ഹൃദയത്തിന്റെ വിഹായസ്സുകളിൽ ഉന്മാദനൃത്തം വെക്കുന്ന നിത്യയൗവനം നമ്മെ സ്പർശിക്കുന്നത് പോലെയാണ് അനുഭവപ്പെടുന്നത്. 250 ഓളം സിനിമകൾക്ക് വേണ്ടി 1300 ഓളം ഗാനങ്ങൾ അദ്ദേഹം രചിച്ചു. ഇതിൽ ലോക റെക്കോർഡ് സ്ഥാപിച്ച സംഗീത സംവിധായകനായ ശ്രീ ദേവരാജന്റെ കൂട്ടുകെട്ടിലുണ്ടായ 600 ഓളം ഗാനങ്ങളാണ്. 150 ഓളം നാടക ഗാനങ്ങളും ശ്രീ വയലാർ രചിച്ചിട്ടുണ്ട്.

കേരള സാഹിത്യ, സിനിമ, സാംസകാരിക മണ്ഡലങ്ങളിൽ ജ്വലിച്ചു നിന്ന സുവർണ്ണ കാലത്തു ശ്രീ വയലാറിനെ തേടി ഏറെ പ്രശസ്തിയും നിരവധി അവാർഡുകളും വന്നു ചേർന്നു എന്നതിൽ അത്ഭുതമില്ല. 21ആം വയസ്സിൽ 'പാദമുദ്രകൾ' എന്ന ആദ്യ കവി താസമാഹാരം പുറത്തിറക്കി ശ്രീ വയലാർ. 33ആം വയസ്സിൽ അദ്ദേഹത്തിന് 1961 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് 'സർഗ്ഗസംഗീതം' എന്ന കവിതാ സമാഹാരത്തിനു ലഭിച്ചു. ഏറ്റവും നല്ല ഗാനരചയിതാവിനുള്ള കേരള സംസ്ഥാന ഫിലിം അവാർഡ് സ്ഥാപിത വർഷമായ 1969ൽ നേടിയ അദ്ദേഹം പിന്നീട് മൂന്ന് തവണ വീണ്ടും അവാർഡ് ജേതാവായി (1972, 1974, 1975). ഇന്ത്യയിലെ ഏറ്റവും നല്ല ചലച്ചിത്ര ഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സ്വർണമെഡൽ 1972ൽ 'അച്ഛനും ബാപ്പയും' എന്ന സിനിമയിലെ 'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു' എന്ന ഗാനത്തിന് ലഭിച്ചു. 1975ൽ നമ്മെ പിരിഞ്ഞു പോകുമ്പോൾ കേരള സാംസ്കാരിക പൈതൃകത്തിന് അമൂല്യങ്ങളായ നിധികൾ അടങ്ങിയ ഒരു സാഹിത്യ കൊട്ടാരം പടുത്തുയർത്തിയിട്ടാണ് അദ്ദേഹം നാട് നീങ്ങിയത്. ശ്രീ വയലാറിന്റെ പേരിലുള്ള വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977 മുതൽ ഒക്ടോബർ 27ന് കേരളത്തിലെ ഏറ്റവും പ്രശസ്തമായ അവാർഡുകളിൽ ഒന്നായി നൽകപ്പെടുന്നു എന്നുള്ളത് ഈ സത്യത്തിനോടുള്ള സാംസ്കാരിക കേരളത്തിന്റെ കടപ്പാടിന്റെ അടയാളമാണ്.

ശ്രീ വയലാറിന്റെ കൃതികളിൽ ചങ്ങമ്പുഴയുടെ സ്വാധീനം കാണാം എന്ന് ചില അഭിപ്രായങ്ങൾ അക്കാലത്തു ഉണ്ടായിരുന്നു. അതിൽ അത്ഭുതപ്പെടാനില്ല കാരണം വയലാറിന്റെ ഇഷ്ട കവികളുടെ മുൻ പന്തിയിൽ ചങ്ങമ്പുഴയുണ്ടായിരുന്നു എന്ന് അദ്ദേഹത്തിന്റെ വിയോഗത്തിൽ വയലാർ എഴുതിയ വരികൾ നമ്മളോട് വിളിച്ചോതുന്നു..

> 'കരുണരസം കരകവിയും കഥകളുമായെന്നും
> വരും അങ്ങെന്നോർമ്മകളിൽ'

എന്നിരുന്നാലും തന്റേതായ ഒരു വേറിട്ട ശൈലിയും രാഗാർദ്രയും, ഭാവാത്മകതയും കോർത്തിണക്കി വയലാർ സ്വതസിദ്ധമായ കൈയൊപ്പ് തന്റെ കവിതകളിലും, ഗാനങ്ങളിലും അടയാളപ്പെടുത്തി എന്നാണ് സത്യം. ശ്രീ വയലാറും വളർന്നു വരുന്ന പല കവികളെയും ഇതുപോലെ സ്വാധീനിച്ചിട്ടുണ്ട്. അത് പ്രകൃതി സഹജമല്ലേ? ഞാൻ ആലോചിച്ചു. വർഷങ്ങൾക്കു ശേഷം അതിനു ഉത്തരം കിട്ടുകയും ചെയ്തു.

എവിടെയാണെന്നല്ലേ? 'പത്മതീർത്ഥത്തിൽ'! ശ്രീ വയലാർ 1973 ൽ ഗായത്രി എന്ന സിനിമക്ക് വേണ്ടി രചിച്ച വരികൾ ഇപ്രകാരമാണ് :

'പത്മതീർത്ഥമേ ഉണരൂ മാനസ പത്മതീർത്ഥമേ ഉണരൂ അംഗിരഥത്തിലുദിയ്ക്കുമുഷസ്സി-ന്നർഘ്യം നൽകൂ ഗന്ധർവ സ്വരഗംഗയൊഴുക്കൂ, ഗായത്രികൾ പാടൂ ഓം തത്സവിതുർവരേണ്യം, ഭർഗോദേവസ്യ ധീമഹി, ധീയോ യോന പ്രചോദയ:'

1986ൽ ശ്രീ യേശുദാസ് പാടി തരംഗിണി നിർമിച്ച 'തുളസീതീർത്ഥം' എന്ന ഭക്തിഗാന ആൽബത്തിൽ അച്ഛൻ എഴുതിയ വരികൾ ഇതായിരുന്നു;

'ബ്രാഹ്മ മുഹൂർത്തത്തിലുണർന്നും, ഉദയാർക്ക
ബ്രഹ്മബീജം വിടർത്തും സഹസ്രദളങ്ങളിൽ
സാന്ദ്രഗംഭീരമാം ഗായത്രി പകർന്നും
ശ്രീപദ്മനാഭനെ നിത്യവും സേവിക്കും
പത്മതീർത്ഥമേ നമസ്കാരം...
നിനക്കായിരം നമസ്കാരം..

ഓം തത്സവിതുർവേരണ്യം, ഭർഗേദോവസ്യ ധീമഹി, ധീയോ യോന പ്രചോദയ:

'ഒരു നേരമെങ്കിലും കാണാതെ വയ്യന്റെ ഗുരുവായൂരപ്പാ നിൻ ദിവ്യരൂപം' എന്ന് ഒട്ടേറെ പ്രശസ്തിയാർജ്ജിച്ച ഭക്തിഗാനവും ഈ ആൽബത്തിലാണ് അച്ഛൻ എഴുതിയത്. സ്വാധീനം പലതാണെങ്കിലും കൈയൊപ്പുകൾ കവികൾക്കു വ്യത്യസ്തമാണ് എന്നും അപ്പോൾ വ്യക്തമായി. 1976ൽ ഇറങ്ങിയ 'തുലാവർഷം' എന്ന സിനിമ യുടെ നിർമ്മാണഘട്ടത്തിൽ (1975ൽ) ശ്രീ വയ ലാറും, പി. ഭാസ്കരൻ മാഷോടുമൊപ്പം ഒരു പാട്ട് എഴുതാൻ നവാഗതനായ അച്ഛനും അന്ന് അവസരം കിട്ടി. 'സ്വപ്നാടനം ഞാൻ തുടരുന്നു, എന്റെ സ്വപ്നാടനം ഞാൻ തുടരുന്നു' എന്ന ഗാനം നടി ശ്രീദേവി തന്റെ ആദ്യത്തെ മലയാള ചിത്രമായ ആ സിനിമയിൽ പാടി അഭിനയിച്ചു. ആ ഗാനം വയലാർ എഴുതിയതാണെന്നാണ് പലരും കരുതിയത്. അദ്ദേഹത്തിന്റെ വിയോഗത്തിനു മുൻപ് കോഴിക്കോട് വച്ച് ഒരു സാംസ്കാരിക പരിപാടിയിൽ കണ്ടപ്പോൾ, ആ ഗാനരചന വളരെ നന്നായിട്ടുണ്ട് എന്ന് പറഞ്ഞു വയലാർ അച്ഛന്റെ പുറത്തു തട്ടി അഭിനന്ദിച്ചുവത്രെ. വയലാറിനെ പോലെ ഗുരുസ്ഥാനീയനായ ഒരു മഹാപ്രതിഭ തന്ന പ്രോത്സാഹനം ഒരു എളിയ ശിഷ്യനായ് സസന്തോഷം അന്ന് അച്ഛൻ ഏറ്റുവാങ്ങി എന്ന്പറഞ്ഞു കേട്ടിട്ടുണ്ട്. ഇത് പോലെ എത്ര കവികൾക്കും, എഴുത്തുകാർക്കും ഒരു പ്രതീകമായി, പ്രകാശമായി, പ്രചോദനമായി നില കൊള്ളുന്നു ശ്രീ വയലാർ രാമവർമ്മ...അന്നും, ഇന്നും !

ശ്രീ എൻ. വി. കൃഷ്ണവാര്യർ വയലാറിനെ കുറിച്ചു 1976ൽ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്:

‘അദ്ദേഹം മരിച്ചെങ്കിലും, അദ്ദേഹത്തിന്റെ കവിതയ്ക്കു മരണമില്ല. അത് മലയാളികളുടെ സാംസ്കാരിക പൈതൃകത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞിരിക്കുന്നു. സ്വന്തം ഭാഷ സംസാരിക്കുന്ന ജനതയു ടെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി തീരുക എന്നത് ഏതു കവിയുടെയും ജീവിത സാഫല്യമാണെങ്കിൽ, വയലാർ അത് കൈവരിച്ചിരിക്കുന്നു‘.

കാവ്യഭാവനയുടെ ആഴങ്ങളിൽ നിന്നു ഉണർന്നു വരുന്ന സർഗ്ഗ സ്വപ്നങ്ങൾ അടങ്ങിയ പത്മതീർത്ഥിൽ കേരളയീയർക്കു വീണ്ടും വീണ്ടും മുങ്ങി നിർവൃതി നേടാനായി ഭാഗ്യമൊരുക്കിയ ആ മഹാനുഭാവന്റെ പാവന സ്മരണയ്ക്ക് മുൻപിൽ കൈ കൂപ്പി, ചൊവല്ലൂർ വാര്യമായ ‘അനുഗ്രഹിന്റെ‘ പൂമുഖത്തു അച്ഛനോടൊപ്പം ഇരുന്നപ്പോൾ എന്റെ നാവിൻ തുമ്പത്തു മൂളിപ്പാട്ടായി വന്ന, എനിക്കേറ്റവും ഇഷ്ട്ടെപട്ട വയലാർ ഗാനത്തിന്റെ വരികൾ ഒരിക്കൽ കൂടി ഞാൻ പാടട്ടെ...

**‘സ്വപ്നങ്ങൾ... സ്വപ്നങ്ങേള**
**നിങ്ങൾ സ്വർഗ്ഗ കുമാരികളല്ലോ...**
**നിങ്ങളീ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ**
**നിശ്ചലം ശൂന്യമീ ലോകം...**
**ദൈവങ്ങളില്ല മനുഷ്യരില്ല – പിന്നെ**
**ജീവിത ചൈതന്യമില്ലാ**
**സൗന്ദര്യ സങ്കൽപ ശിൽപ്പങ്ങളില്ലാ**
**സൗഗന്ധിക പൂക്കളില്ല...**
**സ്വപ്നങ്ങൾ സ്വപ്നങ്ങളേ നിങ്ങൾ**
**സ്വർഗ്ഗകുമാരികളല്ലോ...“സ്വപ്നങ്ങൾ... സ്വപ്നങ്ങളേ**
**നിങ്ങൾ സ്വർഗ്ഗ കുമാരികളല്ലോ...**



# IN DEFENCE OF VAYALAR



**Mr. K. S. Sreekumar**
*Barrister in London*

A charge against the great poet and lyricist Vayalar Rama Varma is that his works had a surfeit of feudal icons and this has contributed to negatively influencing the thought process of the generation that heard those songs. His critics use many stray lines taken out of context to buttress their opinions. Yet this is not an attack on the critic but a defence of the voice of an era in Malayalam.

Firstly, Vayalar is immortal for Malayalees not because of his lyrics but perhaps despite it. His serious poetry is a testament to that. If one word in Thadaka was enough to place the poem in the bronze age, yet another single word was enough to let loose a creative Ashwamedham in a poem of the same name.

Malayalam poetry has always had poets who espoused ideas ahead of its time, yet it reached a watershed moment in Changampuzha and his realism sprinkled romanticism. Later on, as Malayalam poetry drifted sometimes and was steered at other times towards modernism. Societal changes from the late 30's forced pluralism in thoughts and created a contradiction in ideas both of which are necessary in creating a perfect fecund world for both Vayalar and "art" itself in its myriad forms..

As in other aspects of human existence, the depth and significance of any art or idea is the acknowledgement and appreciation of inherent contradictions. This leads to such contradictions becoming a manifestation of the beauty of plurality of existence. The contradiction in Vayalar's works is also a result of such a plurality. He brought together realism and romanticism in his works to the extent that he used a flower that blossomed in a temple garden as a call for revolution.

Vayalar's 3 decades in Malayalam literature can be divided into two halves of fifteen years each. The first was poetry heavy and then second was cinema lyrics heavy. Though the periods are not watertight and there are notable poems in the second half, yet it is not as fertile as in the first half. Something that the great man himself unfairly regretted because it is his lyrics that were more easily available to the common man. While poetry is still elitist, movie music was and is truly egalitarian. In the late 60's and 70's any function in Kerala from a political meeting to a wedding blared out the hit songs of that time, radio was affordable or at least accessible to many and hence almost everyone could hear the songs time and again and understand the concepts stated therein.

It is also a difficult art to master, if poetry is the verbalisation or metrical composition of one's own life experiences and circumstances, creation of lyrics is the same of a fictional situation. Yet even in such circumstances Vayalar's lyrics contained some of the most sublime of poetry and his lyrics explored everything including blackholes, the emptiness of moon, the forbidden love of a Dravidian princess and even the smouldering volcano of emotions in an honest man on his way to the gallows.

Yet it alleged that it is reductive of Vayalar to compare earth to a naalukettu, rather than an expression of an astonishing aspiration of a newly liberated humanity to understand and more importantly enjoy its surroundings fuelled by science rather than scripture. He echoes this in his later poems where he claims immortality and the far away galaxies all for humankind as a while and not for the individual soul.

As the charges are that his use of chaste language and the enunciation of Indian mythology and civilisation in his works was to pander to the feudal heritage the answer is that it was not but is an attempt to seek a continuity in existence for modern India and to set the stage for a modern self-reliant post-colonial India rooted in logic. Hence while it can be conceded that he has influenced many generations the said influence was never negative.

Growing up in the 70's and 80's in Kerala, I grew up and learned about life, love, politics, society,




history, mythology and even the geography of our land listening Vayalar's lyrics and they were not just movie songs but they have an independent existence as poetry.  While there were other great lyricists Vayalar for his sheer body of work is at the very least first amongst equals.

Personally, for me 12 years ago when I lost my dad and was keeping vigil over his body, at some point during that restless night the lines from his autobiographical poem's crept into my thoughts for a few seconds emphasising to me how even in our darkest hours of existence Vayalar continues to viscerally and indelibly affect and mould a Malayalee's thoughts.

In conclusion I will paraphrase Vayalar, in his poem Realism and Reality he writes "in my verses if a flower has more petals than one seen through a camera lens please don't blame me, one is the result of human's emotional interactions with nature and the other is a picture of a flower".

# VAYALAR RAMA VARMA:
## THE VOICE OF ROMANTIC ELEGANCE, SPIRITUAL SYMPHONY, AND SOCIAL JUSTICE.



**Prof. Pradeep Vasudevan**
*Consultant in Clinical Genetics*



Vayalar Rama Varma is often revered as the bard of Malayalam cinema and one of the greatest poets of Malayalam literature. There is not a single Malayali in the world who hasn't heard or hummed a few lines of his lyrics or poetry. The name Vayalar is etched deeply in the hearts of all Malayalam speaking people across the world. As a lyricist and poet, Vayalar's contribution to the cultural and artistic tapestry of Kerala is immense. His evocative lyrics, which blend with profound emotional and romantic depth, have left an indelible mark on the Malayalam movie industry.

Vayalar Rama Varma (known by the pet name Kuttan to family members and close friends) was born on March 28, 1928, in the beautiful small village of Vayalar in Alappuzha district. The 4 letters in Malayalam (വയലാർ) are synonymous with Vayalar Rama Varma. Historically, the place is significant due to the uprising of 1946, a pertinent event in the communist movement in Kerala. This uprising was part of a larger struggle by the workers and common people against feudal landlords and/or colonialism, and it left a lasting impact on the political landscape of Kerala.

Vayalar is the only son of Vellarappalli Kerala Varma and Raghavaparambil Ambalika Thamburati. He lost his father at the age of 3 years and was brought up by his mother and uncle. He studied at the English medium school at Cherthala. The young boy was destined for a life enriched with arts, music and poetry. He grew up in a culturally rich environment that fostered his literary talents from a tender age.

Vayalar went on to study Sanskrit and Malayalam at a young age. His knowledge of Sanskrit allowed him to draw inspiration from classical literature, mythology, and Malayalam poetry, which enriched the depth and beauty of his own poetry and lyrics. The scenic beauty of his native village and the socio-political and cultural aspects of that era ignificantly influenced his writing, lending it a characteristic flavour of realism, romanticism and resonance of human emotions.





## VAYALAR AS A POET

Vayalar started writing poetry while in school, publishing his first poem in a magazine called Swarat. His poems started coming up in many magazines and he thought of publishing a collection of his poems. He approached many publishers but was unsuccessful. In the end Mr Madhava Pai (Narasimha vilasom book stall-Thuravoor) agreed to publish his poems as an anthology (Padamudrakal) under the name Rama Varma Thirumulpad; subsequently there was Vayalar Punnapra uprising in October when Mr Pai changed the author's name in the book to Vayalar Rama Varma.

Vayalar Rama Varma was a true follower of the leftist path, influenced by Comrade C.K. Kumara Panicker who was widely known as Vayalar Stalin. His commitment to socialist and communist ideals are evident in many of his songs, where he speaks about social justice, equality and the struggle of the working class and labourers. He often used his lyrics as a medium to voice the aspirations, demands and struggles of the common people.

In 1953, his friend and contemporary, and another great Malayalam poet, Sri O.N.V. Kurup introduced Vayalar to Sri Devarajan Master, the most popular music director of that time. This duo's first song was Balikudeerangale. The Pallavi for this song is as follows.

Balikudeerangale, bali kudeerangale
Smaranakalirambum rana smaarakangale
Ivide jana kodikal chaarthunnu ningalil
Samara pulakangal than sindoora maalakal

This iconic and powerful song was performed at the Martyr's square at Palayam in Trivandrum as part of the centenary celebrations in 1957 in front of many distinguished guests including Sri Rajendra Prasad, the first president of India. Vayalar wrote many songs for KPAC (Kerala People's Arts Club), but the song, Balikureedangale is deeply embedded in the history of the socio-political landscape of Kerala. KPAC was a prominent theatre group known for its role in promoting leftist and communist ideologies through art, and Ningalenne Communistakki was the play, this song was played. It became one of the most influential songs of the leftist and communist movement in Kerala.

The poetic beauty, and its engagement with social, political, mythical and philosophical themes along with heartfelt emotional nature of his poems, made him extremely popular to the masses. Between the 11 years from 1950 to 1961, he published a number of anthologies including Konthayum Poonoolum (1950), Enikku Maranamilla, Mulangaadu Naadinte Nadam (all in 1955), Oru Judas Janikkunnu (1955), Ente Mattolikavithakal (1957), and Sargasangeetham (1961).

His published works include a Khandakavyam titled Ayisha, two short story anthologies, Raktham Kalarnna Mannu (1956) and Vettum Thiruthum (1987) and a travelogue called Purushantharangaliloode (1965) and later an essay collection, Kuppichillukalum rosadalangalum (1986).

## VAYALAR AS A LYRICIST

Vayalar's contribution to Malayalam cinema as a lyricist is unparalleled. He was and is still the uncrowned king of Malayalam songs. His ability to write lyrics that were both deeply poetic and easily relatable, made his songs incredibly popular among the masses. He first wrote 5 songs for the movie Vazhivilakku which unfortunately was never released. In 1956, he got the opportunity to write the lyrics for the movie Koodappirappu, which was directed by Mr JD Thottan. This started his 'Aswamedam in Malayalam Movies' for the next 2 decades until his untimely and unfortunate demise in 1975.

The cinema songs of the trio Vayalar-Devarajan master- KJ Yesudas resulted in a synergy that elevated Malayalam film music to new artistic heights in Indian Movies. In 1972, Vayalar Rama Varma was given the national award for the song "Manushyan mathangale srishtichu, mathangal daivangale srishtichu"(Humans created religions and religions created gods). The first line reflects the idea that religions and god(s) were created by humankind for their selfish desires and division of society. This was the first award for a Malayalam Lyricist nationally (Malayalam cinema had to wait for another 16 years for this award again).



Vayalar's lyrics transcended the films they were part of, becoming anthems. All his songs reflected the main theme in each movie. The depth, breadth and range of his lyrics have made them a permanent part of Kerala's cultural consciousness. This was the golden age of Malayalam movies for meaningful songs by the Lyricist trio Vayalar-P. Bhaskaran- O.N.V. Kurup (along with Sreekumaran Thampi) when they contributed to the artistic and intellectual richness of Malayalam cinema. The music directors included G. Devarajan Master, Dakshina Moorthy Swami, K. Raghavan master, M.S. Baburaj, M.K. Arjunan master, L.P.R. Varma etc. It is said that Vayalar went on to write about 2,000 songs for about 250 movies of which more than one-third were composed by G. Devarajan.

Vayalar Rama Varma's songs are a rich tapestry of themes, each reflecting his deep understanding of human emotions, social issues, and philosophical questions. Whether it was love, socialism, spirituality, or patriotism, Vayalar had a unique ability to capture the essence of these themes in his lyrics, making his work timeless and universally resonant. I have selected the following songs reflecting the popularity and various themes over the 2 decades when Vayalar wrote for Malayalam Movies. It is laborious to classify Vayalar's songs into different themes as there is a lot of overlapping ideas and interpretations in each and every song.

**Spirituality and Devotion:** It may sound contradictory that Vayalar Rama Varma wrote some of the most popular devotional songs even though he was an Atheist. His lyrics not only convey devotion but also explore complex spiritual themes through poetic imagery and metaphors. Some of his songs are so intertwined with revolution, rationalism and reasoning that it is difficult to distinguish where philosophical traditions stop and proletarianism starts or vice versa.

1. Sharanam ayyappa swami sharanam ayyappa
2. Padmatheerthamae unaroo maanasa padmatheerthamae unaroo
3. Saraswathiyaamam kazhinju
4. Ambalaparambilae aaramathilae

**Nature and Beauty:** Vayalar is exceptionally talented for capturing the beauty of nature. His lyrics aints a vivid picture of Kerala's lush landscapes, serene rivers and backwaters, and the gentle play of the elements. He romanticises nature, portraying it as a source of love, beauty, and comfort.

1. Aayiram padasarangal
2. Chandrakalabham
3. Indravallari poochoodivarum
4. Neelaponmanae
5. Shangupushpam
6. Suryakaanthi



Gifts, given and received, were monitored very carefully in our large extended family with many uncles, aunts, and cousins. Who gave what to whom was important. My grandmother once somewhat scolded me because my eldest uncle gifted a set of postcards to me. I collected postcards and he had seen my postcard collection during a previous visit. I did not know that he had not given similar postcards to the other children in the family. I felt very bad when my grandmother told me with a sigh how disappointed the other cousins were because they did not get the postcards that I did. That was when I learned that gifts represented the degree of intimacy between the giver and the receiver. My grandmother was upset not about the postcards, but about the fact that her son, my uncle, liked me a tad bit more than he liked his other nieces and nephews. I never used the postcards. They sat on my desk forever.

**3.** As children, we were led to believe that breaking the many protocols of gift giving and gift receiving was right up there with other uncivilized behaviors like not coming out of your room and socializing when friends and family came to visit or picking out the skin from the fish curry while eating at someone else's house, or asking for toys, dolls and other objects of bling seen in other people's houses. When I say "ask" I mean asking to take them for yourself, as your possession. As in "May I please have this doll?" This was strictly no-no. The specificity of these examples might sound too concrete and personal; they are. These were all my areas of transgression. I had a reputation for being antisocial, and my "fussy" nature at the dining table, especially with fish skin, and my utter lack of shame in once asking for a very pretty doll at a friend's house. It was my own personal "Oliver-asks-for-more" moment, but without any radical aura to it. It was purely a consumer impulse.

**4.** I generally like gifts, both giving them and receiving them, but what I have found out about the older me is that I have a problem with "free" gifts," that is, gifts given out of season, gifts that are not related to birthdays, anniversaries, festivals or holidays, gifts that are not expressions of thank you's or welcomes or visits. I feel an instant panic when someone gives me a gift without a reason or a season. This is where the six months' worth of magazines come in. What am I going to do with thirty or forty magazines?

Other strange gifts I have received include two dozen canning jars without lids, several pairs of shoes that are clearly not my size, and clothes that are not my style at all. The red chenille sweater with the big gold buttons at the neckline scares me.

Perhaps I am wrong to view these as "gifts." Maybe these are more properly hand-me-downs dressed up as gifts. All hand-me-downs come with a gift state of mind though. These are things the givers do not want or are no longer of use to them. They are passing them on to me for my use sans cost. It is a gift economy, as the saying goes. I am like Goodwill, Salvation Army, or the thrift store, but more known to them, less crowded, with shorter wait time, and minimal sorting needed.

**5.** In a gift economy, goods and services are freely given between people. There is no money transacted. That is for the market. For pizza and soda, your friends with and without trucks will help you move from one residence to another. A babysitting emergency, a dog walking emergency and sundry other emergencies — there are friends who would jump in to help you at less than a moment's notice. And yet, sometimes there is a score card kept of who did what for whom and when and in how much of a short notice.

When emotional indebtedness—not monetary debt—becomes attached to the gift economy, the goods and services once freely exchanged begin to feel like a prison. That is when you start telling yourself, what if it costs 150 dollars an hour, there is more peace of mind with calling movers to go across town. Market becomes both an escape and a rescue from emotional indebtedness with no end in sight. As Robert Frost observed in a slightly different scenario, good fences make good neighbors. Or don't be friends with people who have trucks for their truck. Have that party after your move.

**6.** When I was growing up in India, whenever we had leftovers in the refrigerator, I mean, these were leftovers of leftovers of leftovers, three-day old upma or idlis so frigid that you could break your teeth on them, we used to say, "Don't throw them out. We can give them to Kala." This was not spoilt food; this was food we were tired of eating. Kala was a young girl who lived about three houses down from us. After school hours, Kala helped us do odd jobs around the house, sweeping, washing or watering plants a bit. Kala appeared content to take the stone-like idlis and the frozen upma home when we gave them to her. But did she really want them? When I get canning jars and 6-month-old magazines, I remember Kala.

**7.** The greatest revolution in gift giving was taught to me by my aunt, my mother's older sister. Savithri Valliamma was very fond of us, my husband, my daughter and myself, and often visited us in our home in Pennsylvania from Montreal, Canada, where she lived. Valliamma walked up to me one day like a fairy or a sprite might; she was small in stature, bird-like, and with light in her eyes. She held out her hands to me. Both hands palm up, and the envelope lying flat on top of them. She was holding something precious. For you, Moley, she said. I opened the envelope. Inside the envelope were photos and letters that I had sent her when I was in my teens and twenties, from at least thirty years ago. I thought you might like to have these back with you, she said.

She was right. Rereading my letters written when I was that young, so long ago, looking at me in those pictures from so long ago—I suddenly understood the meaning of letters. They were tiny pockets of crystallized time, perfect beyond perfection. In gifting my own letters back to me, valliamma gave me back a version of myself lost to time. I couldn't have asked for anything more.

Recently, when a cousin visited me, I gave him two letters that his father, my uncle, had written to me at least forty-five years ago. My cousin appears in the letter as a one-year-old baby; his tiny fingers made scribbling marks all over that blue inland letter. I gave the letters to him. You might like to have these, I told him. My uncle passed away a few years ago.

Now I routinely return the letters people had written to me back to them. They have greater

use of them than I do. I have several bundles of letters to return to friends and family. I was holding them only temporarily.

**8.** Lately, I have begun to give only perishable gifts to my friends and family. Cookies and cakes that I baked myself, a festive biryani, herbs from my kitchen garden, flowers from my yard, sometimes plants for rooting. I also buy breadsbread, cheesescheese, crackers, cakes, butters, honey and the like as gifts. I want my gift to be consumed and not kept.

**9.** Once I was not ready for the gift that was meant for me. My aunt and I were presenting a paper together at a religious studies conference in Portland, Oregon a few years ago. I flew in from Pennsylvania. My aunt flew in from Montreal. I reached our hotel before my aunt did. When my aunt arrived in the evening, I was surprised to see that she had a big suitcase with her. It was a two-day conference, and I only had my small overnight cabin baggage with me. I always travel light. My aunt opened the suitcase with great excitement. It was filled with books. There were a few articles of her clothing too. These are for you, she told me. I felt my heart breaking into two at that moment. I don't have a bag to take these, Valliamma, I told her. I cannot take these with me. I brought only an overnight bag. And I am flying back as soon as the conference ends because I must teach the next day. So, I don't have time to buy a suitcase or to go to the post office and have these shipped. I am so sorry, I told her. That is okay, Valliamma told me, disappointment evident on her face. Valliamma took back the books with her. I planned to drive to Montreal and bring back the books with me later. I never got to do it. Valliamma passed away in 2019.

**10.** I took the two dozen canning jars, shoes and clothes to Goodwill. I took the forty odd magazines to the local library. They have a home for now. I don't mind being a temporary home for things other people don't want. They are of no use to me, but I shall accept them from you when you give them to me. Later, I will part from them without any difficulty.

# മഴയും കുടയും ഇംഗ്ലണ്ടും



**Dr.Beena**
*Pathologist Lancaster*

നാട്ടിൽ മഴയെ മനോഹരി ആക്കിയത് ക്ലാരയാണെങ്കിലും, അവൾക്കു മുൻപും മഴ ഉണ്ടായിരുന്നു. അന്നൊക്കെ മാത്രമല്ല ഇന്നും മഴ എന്നെ ഓർമിപ്പിക്കുന്നത് പുതിയ സ്കൂൾ വർഷമാണ്.

ശിശുവിഹാറിലും പിന്നെ കോട്ടൺ ഹിൽ സ്കൂളിലും പിന്നിട്ട ബാല്യകാലം. പണ്ടത്തെ പരുത്തികുന്നു, പേര് അന്വർത്ഥമാക്കുന്ന പോലെ പറന്നു നടക്കുന്ന അപ്പൂപ്പൻ തടികൾ ഉണ്ടായിരുന്നു സ്കൂൾ പരിസരത്തു...

പച്ച പാവാടയും വെള്ള ബ്ലൗസും, അത്രയേ ഉള്ളൂ യൂണിഫോം. കാലിൽ ഷൂസ് വേണമെന്നോ മുടിയിൽ റിബൺ വേണമെന്നോ ഒരു നിർബന്ധവുമില്ല. പുസ്തകം വയ്ക്കാൻ ഒരു പെട്ടിയും, നീളത്തിലൊരു കുടയും, അന്ന് രണ്ടായി മടക്കുന്ന കുടയൊന്നും വന്നിട്ടില്ല.

അന്നും, ഇന്നും, മഴയെ നോക്കി വെറുതെ ഇരിക്കാനും മഴയുടെ ശബ്ദം കേട്ട് ഉറങ്ങാനും ഒരുപാടിഷ്ട്ടമാണ്. വീട്ടിലെ അങ്കണത്തിൽ വെള്ളം വീണു തുടങ്ങുമ്പോഴേ പേപ്പർ ബോട്ട് ഉണ്ടാക്കി, അതിൽ ആളെയും ഇരുത്തി വിട്ടു തുടങ്ങും. മൂന്ന് നാല് ബോട്ടാകുമ്പോൾ അമ്മൂമ്മ പറയും 'അതെല്ലാം കൂടി ആ മെഷീനിൽ ചെന്ന് അടഞ്ഞാൽ വെള്ളം പോവൂല. അത് തന്നെയാണ് പലപ്പോഴും എന്റെ ഉദ്ദേശവും. വെള്ളം കെട്ടി നിന്നാൽ കന്യാകുമാരിയിൽ നിന്നും വാങ്ങിച്ച തിരിയിട്ടു ഓടുന്ന ബോട്ടിനെയും കൂടി അങ്കണത്തിലേക്കു ഇറക്കി വിടാമല്ലോ.

മഴ എന്ന് തുടങ്ങും എന്ന് പ്രവചിക്കാൻ കാലാവസ്ഥ നിരീക്ഷകർ ഒന്നും വേണ്ട, എന്ന് സ്കൂൾ തുറക്കുകമോ, അന്ന് മഴ തുടങ്ങും. അതായതു ജൂൺ ഒന്നിന് രാവിലെ. പല ജൂൺ ഒന്നാം തീയതിയും പഴയ യൂണിഫോമിട്ടു സ്കൂളിൽ പോകാനുള്ള കാരണവും അത് തന്നെ.

ഞങ്ങളുടെ വീടിന്റെ വശത്തു കൂടി ഒരു റോഡുണ്ട്. നല്ല കയറ്റമാണ്. അന്ന് ആ വശത്തു ഗേറ്റിന്റെ ഭാഗത്തു ഒരു കൊട്ടിയമ്പലം ആയിരുന്നു. കതകു തുറക്കുമ്പോൾ തന്നെ തേരിയിൽ നിന്നും കുത്തനെ ഒലിച്ചു വരുന്ന വെള്ളത്തിന്റെ ശബ്ദം കേൾക്കാം. കണ്ണുനീരിന്റെ തെളിമയുള്ള വെള്ളം. അത് കണങ്കാൽ വരെയേ എത്തുള്ളു, വലിയ പ്രശ്നമല്ല.

സ്കൂൾ വരെ നടന്നാണ് പോവുന്നത്. ദൂരമൊന്നും അറിയത്തില്ല അത്രയധികം വിശേഷങ്ങളാണ് കൂട്ടുകാരോട് പങ്കുവയ്ക്കാനുള്ളത്. ഇന്നത്തെ പോലെ ഫോണും, മുഖ പുസ്തകവും (ഫേസ് ബുക്ക്) ഒന്നും ഇല്ലാലോ.രണ്ടു മാസം കാണാതെയിരുന്നു കാണുകയാണ്. അപ്പോൾ ഈ കുട പിടിക്കുന്നതൊക്കെ വലിയ അസൗകര്യമായിരുന്നു. വീട്ടിൽ നിന്നിറങ്ങുമ്പോൾ കുടയൊക്കെ ചൂടുമെങ്കിലും, റോഡിലെത്തിയാൽ ആദ്യം ചെയുന്നത് വേറെ ആരുടെയെങ്കിലും കുടകീഴിൽ കയറുക എന്നുള്ളതാണ്. ഒരു കുടയിൽ മൂന്നു പേര് സുഖമായി കൊള്ളും. ഒരാളുടെ വലതു വശവും, രണ്ടാമത്തെ ആളുടെ ഇടതു വശവും, നടുക്കുള്ള ആളുടെ പിറകു വശവും നനയുമെന്നെ ഉള്ളൂ. വേറെ പ്രശ്നമൊന്നും ഇല്ല.

അങ്ങനെ കൊച്ചാർ റോഡിലൂടെ നടന്നു കൃഷ്ണവിലാസം റോഡിൽ കയറും. അവിടെ അല്പം പ്രശ്നമുള്ള ഒരു സ്ഥലമുണ്ട്. ഒരു ഭാഗത്തു എല്ലായെപ്പോഴും നല്ല കുത്തൊഴുക്കുള്ള വെള്ളം. നമ്മുടെ മുട്ടൊപ്പം എത്തും ആ വെള്ളം. അവിടെ എത്തുമ്പോൾ കുടയെല്ലാം മടക്കി, പെട്ടി തലയിൽ വെച്ച്, രണ്ടു പേര് കൈ കോർത്തു പിടിച്ചാണ് നടപ്പ്. ഇല്ലെങ്കിൽ ഒഴുക്കിൽ പെട്ട് വീണു പോകാൻ നല്ല സാധ്യതയാണ്. ചിലപ്പോഴൊക്കെ ചെരുപ്പും ഊരി കയ്യിൽ പിടിക്കും. പുറം ഇത്രയൊക്കെ നനഞ്ഞാലും അകത്തെ സന്തോഷത്തിനു യാതൊ രു കുറവുമില്ല.

അങ്ങനെ പത്തു വർഷം സ്ഥിരമായി നടന്നും തുഴഞ്ഞും സ്കൂളിൽ പോയി. വിമൻസ് കോളേജിൽ തുടങ്ങിയപ്പോൾ തുഴയാതെ പോകാമെന്നായി. സന്തോഷത്തേക്കാളേറെ അത് വിഷമം ആണ് ഉണ്ടാക്കിയത്. ബുക്കിന്റെ എണ്ണം കുറഞ്ഞതോടെ ബാഗിന്റെ മാത്രമല്ല, കുടയുടെയും വലിപ്പം കുറഞ്ഞു. സ്റ്റെയിലിൽ എല്ലാവരെയും അനുകരിച്ചു ഞാനും വാങ്ങി മടക്കു കുട... അതിനു ശേഷം മെഡിക്കൽ കോളേജിൽ....യാത്ര ബസ്സിൽ ആയതിനാൽ കുടയുടെ ആവശ്യം കുറഞ്ഞു...എന്നാലും ബാഗിൽ അതിനൊരു സ്ഥലം ഇപ്പോഴും ഉണ്ടായിരുന്നു.

1998 ഞാൻ ലണ്ടനിലേക്ക് വന്നു.ഒക്ടോബർ മാസത്തിൽ. സെവൻ കിങ്സ് എന്ന സ്ഥലത്തേക്ക്. അവിടെ ഏഴു രാജാക്കന്മാർ ഉണ്ടായിരുന്നോ എന്ന് എന്നോട് ചോദിക്കണ്ട. പൗലിയോ, KP യോ പറഞ്ഞു



തരും. ചേട്ടന്റെയും ചേട്ടത്തിയുടെയും കൂടെയായിരുന്നു ആദ്യത്തെ കുറച്ചു കാലം. നവംബറിന്റെ നഷ്ടത്തിൽ കൂടെ ഡിസംബറിൽ എത്തി. രാവിലെ എട്ടു മണിക്ക് സൂര്യൻ വന്നാലായി. മിക്കവാറും ദിവസം സൂര്യൻ മടി പിടിച്ചു കാർമേഘത്തിന്റെ പിറകിൽ നിന്നും മുന്നിലേക്ക് വരില്ല. ഇനി വന്നാലോ മൂന്നു മണിക്ക് സ്ഥലം വിടും. ഈ രാജ്യത്തിന് ആര് സൂര്യൻ അസ്തമിക്കാത്ത നാടെന്നു പേരിട്ടു എന്ന് നല്ല സംശയം!

ലണ്ടനിലെ റോയൽ ഫ്രീ ഹോസ്പിറ്റലിലാണ് ഞാൻ ജോലിക്ക് പോകുന്നത്. 45 മിനിട്ടോളം ട്രെയിൻ യാത്ര എന്നിട്ടു പത്തു മിനിട്ടു പദയാത്ര. തണുപ്പ് ആയതു കാരണം കണ്ണും മൂക്കും ഒഴിച്ച് ബാക്കിയെല്ലാം മൂടികെട്ടിയിട്ടുണ്ട്.കാലിൽ മാത്രമല്ല കൈക്കുമുണ്ട് കയ്യുറ.പ്രശ്നം ഒന്നേയുള്ളു. ഇതൊക്കെ ഇട്ടുകൊണ്ട്, ബാഗ് തുറക്കാനും, കുടയെടുക്കാനും, കുട തുറക്കാനുമൊക്കെ വലിയ ബുദ്ധിമുട്ട്. ഇവിടുത്തുകാരൊക്കെ വലിയ കാലൻ കുടയുമായാണ് നടപ്പ്... എനിക്ക് പലപ്പോഴും അവരോട് സഹതാപം തോന്നും. ഇത്രയും വലിയ കുടയും പിടിച്ചു നടക്കുന്നതിൽ! നമ്മൾ എത്ര ബുദ്ധിമാന്മാർ. അമ്മുമ്മ പറയുമായിരുന്നു നാടോടുമ്പോൾ നടുവേ ഓടണം എന്ന്. പക്ഷെ അമ്മുമ്മേ, ഇക്കാര്യത്തിൽ ഞാൻ നടുവേ ഓടുന്നില്ല എന്ന് മാത്രമല്ല എന്റെ കുഞ്ഞികുടയുമായി കുണുങ്ങി നടക്കാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ.

ഇവിടെ മഴയെക്കാളും പ്രശ്നം കാറ്റാണ്.നാട്ടിലെ എന്റെ പാവം പോപ്പി കുട മുകളിലേക്ക് മടങ്ങി പോവാതിരിക്കണമെങ്കിൽ പഴയ സ്കൂൾ കാലം പോലെ മൂന്നു പേര് വേണം. ഒരാൾ കുടയുടെ കാലു പിടിക്കാനും, ബാക്കി രണ്ടു പേര് കുടയുടെ തുണി മടങ്ങാതെ പിടിക്കാനും. ഈ ഡിസംബറിൽ ഞാൻ തനിച്ചാണ് കുടകീഴിൽ. ട്രെയിനിൽ നിന്നിറങ്ങിയപ്പോൾ തുടങ്ങിയതാണ് മഴയും, ആലിപ്പഴവും, കാറ്റും...ഞാൻ എന്തൊക്കെ ശ്രമിച്ചിട്ടും എന്റെ കുട മേളിലേക്കു മടങ്ങിയെ ഇരിക്കുന്നുള്ളു.അപ്പോഴാണ് അരിശം വന്നു തുടങ്ങിയത്. ആദ്യം മഞ്ഞിനോടും തണുപ്പിനോടും, കാറ്റിനോടും, പിന്നെ സൂര്യനോടും. കുറച്ചു കഴിഞ്ഞപ്പോൾ കുടയോടും. ഒടുക്കം എന്നോട് തന്നെയായി അരിശം. ഇവിടെ വരാൻ തോന്നിയ സമയത്തെയും, ഹരിയേയും ഒക്കെ ചീത്ത വിളിച്ചും കൊണ്ട് കുടയുമായി എന്റെ യുദ്ധം തുടർന്നു. എന്റെ കുറച്ചു മുന്നിലായിട്ടു എന്നെ പോലെ ഒരാൾ മടക്കു കുടയുമായി വഴക്കിടുന്നത് എനിക്ക് കാണാം. അടുത്ത നിമിഷം കാറ്റിന്റെ ശക്തി വീണ്ടും കൂടി, എന്റെ കുട മടങ്ങി, ഞാൻ സുല്ലിട്ടു. അതാ എന്റെ മുൻപിൽ പോകുന്ന കുട്ടിയുടെ കുടയുടെ തുണി മുഴുവനേ കാറ്റത്തു പറന്നു എന്റെ കാൽക്കൽ. ആ കുട്ടിയുടെ കയ്യിൽ കുടക്കാല് മാത്രം..എനിക്ക് സഹതാപത്തോടപ്പം തന്നെ ചിരിയും വന്നു...ചുറ്റിനും ബുദ്ധിയില്ലാത്ത സായിപ്പന്മാർ കാലൻ കുടയും പിടിച്ചു കുട്ടപ്പന്മാരായി നടന്നു പോകുന്നു.

എന്തായാലും അന്ന് വൈകീട്ട് തന്നെ എന്റെ ചെറിയ ബുദ്ധിയൊക്കെ മാറ്റിവച്ചിട്ടു അമ്മൂമ്മ പറഞ്ഞ പോലെ കാലൻ കുടയും വാങ്ങി ഞാനും നടുവേ ഓടാൻ തുടങ്ങി.

ഇപ്പോൾ നമ്മുടെ നാട്ടിലെ മഴക്കോട്ടു പോലെ തലയുറയും ആയിട്ടേ പുറത്തിറങ്ങാറുള്ളു. കുട പ്രശ്നം ഇല്ല..അതും നടുവേ ഓടുന്നതിന്റെ ഭാഗം തന്നെയാണ്.

# ഓർമ്മയിൽ ഒരു നല്ല ഓണം



**K.K. Vijayakumar**
*Retired. IAS officer*

മസ്സൂറിയിലെ രണ്ടാംഘട്ട ട്രെയ്നിംഗ് കഴിഞ്ഞ് ഞാൻ ഒറ്റപ്പാലം സബ്കളക്ടറായി ചുമതലയേൽക്കുന്നത് 1978 ജൂലൈ അവസാനമാണ്. ജില്ലാ ട്രെയ്നിംഗ് പാലക്കാടായതിനാൽ പരിചയമുള്ള ഓഫീസ്. ഏകദേശം ഒരാഴ്ച കഴിഞ്ഞ് ഉദ്ദേശം അറുപത് വയസ്സ് പ്രായമായ ഒരു സ്ത്രീ എന്നെ കാണാൻ വന്നു. കാര്യങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ അവർ അഗതി പെൻഷൻ ലഭിക്കുന്ന ആളാണ്. 'ഇപ്പോൾ മൂന്ന് മാസമായി പെൻഷൻ കിട്ടുന്നില്ല.മിക്കവാറും പട്ടിണിയാണ്.... വില്ലേജിൽ (വില്ലേജ് ഓഫീസ്) അന്വേഷിച്ചപ്പോൾ ഒറ്റപ്പാലത്ത് വന്ന് ഈ മൂപ്പരെ കണ്ടാൽ പെൻഷൻ വേഗം കിട്ടുമെന്ന് അവർ പറഞ്ഞു. ഓണത്തിന് മുമ്പ് കിട്ടിയാൽ വലിയ ഉപകാരം....' അവർ പറഞ്ഞു നിർത്തി. (മൂപ്പർ എന്നാൽ സബ് കളക്ടർ. പാലക്കാട് കളക്ടർ, സബ് കളക്ടർ എന്നിവരെ സാധാരണക്കാർ വിളിക്കുന്നത് മൂപ്പർ എന്നാണ്)

ഓണത്തിന് മുമ്പ് പെൻഷൻ കിട്ടും എന്ന് പറഞ്ഞ് ഞാൻ അവരെ യാത്രയാക്കി. ദാരിദ്ര്യം മുഖത്ത് തെളിയുന്ന അവർക്ക് ഞാൻ ഒരു ചായയും രണ്ട് പഴവും വാങ്ങിക്കൊടുത്തു. ഇരിക്കാൻ പറഞ്ഞെങ്കിലും അവർ നിന്ന്കൊണ്ട് തന്നെ ചായകുടിച്ചു. പോകുമ്പോൾ ഞാനവർക്ക് ഇരുപത് രൂപ കൊടുത്തു. അവർ വാങ്ങാൻ മടിച്ചപ്പോൾ 'ഇതൊരു കടമായി കൂട്ടിയാൽ മതി.... പെൻഷൻ കിട്ടുമ്പോൾ തിരിച്ചു തന്നാൽ മതി....' എന്ന് പറഞ്ഞപ്പോൾ അവർ നിറഞ്ഞ കണ്ണുകളോടെ അത് വാങ്ങി. അഗതി പെൻഷൻ വിതരണം ചെയ്യുന്നത് തഹസീൽദാരാണ്. സബ് കളക്ടറുടേയും തഹസീൽദാരുടേയും ഓഫീസ് ഒരേ കെട്ടിടത്തിലാണ്.

ഞാൻ ഉടനേ തഹസീൽദാർ നാരായണൻ എഴുത്തച്ഛനെ വിളിച്ചുവരുത്തി, കൂടെ അഗതി പെൻഷൻ വിതരണ ചുമതലയുള്ള ക്ലാർക്കിനേയും. ഒട്ടും ആശാവഹമായിരുന്നില്ല അവരുടെ മറുപടി. ' സർ, ഒറ്റപ്പാലം കേരളത്തിലെ ഏറ്റവും വലിയ താലൂക്കാണ്. 42 വില്ലേജുകളിലായി 6000ത്തിലധികം പേർ അഗതി പെൻഷൻ വാങ്ങുന്നു. അല്പം വൈകിയിരുന്ന് എഴുതിയാലും കഷ്ടി നൂറ് മണി ഓർഡർ അയക്കാനേ കഴിയൂ.... എല്ലാവർക്കും പെൻഷൻ മണി ഓർഡർ അയക്കാൻ രണ്ട് മാസത്തിൽ കൂടുതൽ എടുക്കും' എൻറെ തീരുമാനം വേറെയായിരുന്നു. 'എഴുത്തച്ചൻ, നമ്മൾ ഓണത്തിനു മുമ്പ് എല്ലാവർക്കും അഗതി പെൻഷൻ നൽകും..... നമുക്ക് ശമ്പളവും ബോണസുമൊക്ക കിട്ടി ഗംഭീരമായി ഓണം ആഘോഷിക്കുമ്പോൾ അവർ പട്ടണിയാവാൻ പാടില്ല...' ഞാൻ പറഞ്ഞു.

രണ്ട് ദിവസത്തിനുള്ളിൽ താലൂക്കിലെ 42 വില്ലേജ് ഓഫീസിൽ നിന്നും ഓരോ വില്ലേജ് അസിസ്റ്റൻറ്മാരോട് എൻറെ ഓഫീസിൽ വരാൻ പറഞ്ഞു. സബ് കളക്ടറുടെ വിശാലമായ കോർട്ട് ഹാളിൽ അവരെ ഇരുത്തി. ഒരാൾ ഒരുദിവസം 75 മണി ഓർഡർ എഴുതണം എന്ന് ടാർജറ്റ്. ഒരു തിങ്കളാഴ്ച യഞ്ജം തുടങ്ങി. സ്റ്റാഫിന് വലിയ ഉത്സാഹം. ആദ്യ ദിവസം എല്ലാവർക്കും രാവിലേയും വൈകിട്ടും ചായ വടകൾ എൻറെ വക. രണ്ടാം ദിവസം സ്റ്റാഫ് പറഞ്ഞു 'സാർ സ്വന്തം കയ്യിൽ നിന്ന് കാശ് മുടക്കി ഞങ്ങൾക്ക് ദിവസേന ചായ വാങ്ങി തരേണ്ട ... ഇനി ചായ ഞങ്ങളുടെ വക' മുന്ന് ദിവസം കൊണ്ട് 6000ലേറെ പെൻഷൻ മണി ഓർഡറുകളും എഴുതി തീർത്തു. Simple Arithmetic 75×40×2 = 6000 മൂന്നാം ദിവസം verification. അപ്പോൾ മറ്റൊരു പ്രശ്നം. ഒറ്റപ്പാലം പോസ്റ്റ് ഓഫീസിന് ഒറ്റയടിക്ക് 6000 മണി ഓർഡർ അയക്കാൻ കഴിയില്ല, അവർക്ക് സ്റ്റാഫില്ല.

ഞാൻ എൻറെ ബാച്ച്മേറ്റായ പാലക്കാട് ജില്ല പോസ്റ്റ് മേധാവിയായിരുന്ന ഇന്ദിരയെ IPoS വിളിച്ചു. ഭക്തി, ഗീതാപ്രഭാഷണം, പരോപകാരം എന്നിവയിൽ specialise ചെയ്ത ഇന്ദിര ജില്ലയിലെ മുപ്പത് പോസ്റ്റ് ഓഫീസുകളിലേക്കായി മണി ഓർഡറുകൾ വിഭജിച്ചു തന്നു. ഞങ്ങൾ ഒരു ജീപ്പിൽ മണി ഓർഡറുകൾ രണ്ട് ദിവസം കൊണ്ട് പോസ്റ്റ് ഓഫീസുകളിൽ എത്തിച്ചു. ഒരാഴ്ച കൊണ്ട് 6000ത്തിലേറെ പേർക്ക് ഓണത്തിന് രണ്ടാഴ്ച മുമ്പേ പെൻഷൻ കിട്ടി.

ഇനിയാണ് കഥയുടെ രസകരമായ ക്ലൈമാക്സ്. ഉദ്ദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ പെൻഷൻ കിട്ടിയിട്ട് മൂന്ന് മാസമായി എന്ന് പരാതി പറയാൻ വന്ന സ്ത്രീ വീണ്ടും ഓഫീസിലെത്തി. പെൻഷൻ കിട്ടിയതിന് നന്ദി പറയാനും, എൻറെ ഇരുപത് രൂപയുടെ കടം വീടാനും. നാട്ടിൻപുറത്തെ നന്മ, ലാളിത്യം. ഇരുപത് രൂപ ഞാൻ വാങ്ങിയില്ല. പകരം ഓണത്തിന് എൻറെ വകയായി ഒരു ഓണക്കോടി വാങ്ങിക്കോളൂ എന്ന് പറഞ്ഞ് മുപ്പത് രൂപ അവരുടെ കയ്യിൽ വച്ചുകൊടുത്തു. തൊഴുകയ്യോടെ, നിറഞ്ഞ കണ്ണുകളോടെ അവർ പോയി. അക്കൊല്ലം ഒരുപാട് സന്തോഷത്തോടെ ഞാനും ഓണത്തിനായി വീട്ടിലേക്ക് പോയി.



# Movie Review

# KUNG FU PANDA 3 (REVIEW)



**Neelmadhav Pillai**
*Year 8, St Joseph's College, Reading.*

I enjoyed watching this movie because it was very comedic yet serious at the same time, using suspense to capture the viewer along with its classic Kung Fu Panda humour that makes it a great family pick. I, myself, found the villain to be the best part of the movie due to his strength and motives that made him to be the perfect villain. This movie was my favourite in the whole trilogy, being the first out of the four I watched which truly hooked me in. The main character, Po had experienced a lot of character growth throughout the movie, allowing him to defeat the villain in the end going through trials and tribulations leading up to that moment.

Originally Po was scared to face such a powerful threat as those close to him tried to fight yet failed, only adding more pressure on our poor hero to face through this darkness. He received emotional support from his father and his fellow pandas along with his sole friend who had survived their encounter with the fearsome villain in order to stand together to be the last line of defence. All their hard work paid off in the end as they pushed through their fears, defeating the villain and his army along with saving those who had originally fallen to the hands of the villain. This is what makes it such an enjoyable movie to watch and I hope others are able to watch it themselves together with those close to them whether it be friends or family.

# INSIDE OUT (REVIEW)



**Vanshika Vipin**
*Year 7 student, Dr.Challoner's High School*

Inside Out is a cheerful, sweet-natured comedy film by Pete Docter. This film is a delightful watch for all ages. The film's inventive premise, emotional depth, and stunning animation have made it favourite among audiences of all ages.

I am quite enthralled by the way the emotions Anger, Joy, Sadness, Fear and Disgust are depicted as characters in the movie. Inside Out is about a happy, hockey-loving, 11-year-old Midwestern girl (named Riley). But her whole life takes a turn when her family decides to move to San Francisco. Riley's emotions try to guide her through this difficult, life changing event. But the stress in the movie brings Sadness to the lead. Whilst Joy and Sadness go on a journey into the depths of Riley's mind, the only emotions left are Anger, Disgust and Fear. They are in charge of creating glowing little memory balls which are stored in the control suit for a day until Riley goes to sleep.

As movie draws towards the close, character Joy overpowers Sadness and the reflection of which could be seen in Riley's life. Riley and her parents all move back to Minnesota; then Riley's happiness gets restored as she is reunited with all of her friends.

The film's strength lies in the imaginative portrayal of how emotions influence human behaviour. The vibrant and colourful world inside Riley's mind is creatively designed, with every emotion having a distinct personality and appearance.

'Inside Out' expertly balances humour and heart, providing plenty of laughs alongside deeply moving moments. The film's humour is clever and accessible, appealing to both children and adults. The interactions between emotions are entertaining and relatable.
Overall, Inside Out is a buoyant and heartwarming film that is a cinematic masterpiece.




# INSIDE OUT 2 REPORT



**Aadhya Chalil**
*Year 4, Fullwood Primary School, Barkingside*

Inside Out is an animated film by Disney's Pixar. The movie is about a girl named Riley who is controlled by many emotions. The movie shows us two worlds in parallel, one that is inside Riley's head and one that is in Riley's life. Both the worlds impact each other. The movie touches a wide range of emotions like Joy, Sadness, Fear, Anger, Disgust, Anxiety, Ennui, Embarrassment, Nostalgia and Envy.

Inside Out 2 is about how Anxiety, Ennui, Embarrassment, Nostalgia and Envy change Riley's life making her give up her old BFFs for new friends. Joy controls simple emotions i.e. Sadness, Fear, Anger and Disgust whilst Anxiety controls the complex emotions i.e. ennui, Embarrassment, Nostalgia and Envy. Riley was happy as a child, but when she stepped into her teenage life, she started comparing herself with other girls and thought they were better than her. This gave rise to envy, anxiety, nostalgia and embarrassment which made her unhappy.

The movie teaches us many important lessons like - Every emotion has a purpose, even the bad ones.E.g. Anxiety is important because it makes us work harder. Also, it is okay to have flaws, because that makes us who we are. And, as we grow, we get different emotions from different experiences.

In conclusion, I think every human being has different emotions like Riley had. There are times when negative emotions takeover the positive emotions. We as humans cannot stop our emotions, but we can control and manage them. We can make an effort to have more positive thoughts leading to more positive emotions.

I rate the movie a 4.5 out of 5 because joy is the only emotion that is positive, and I wish one of the new emotions were positive as well. I recommend you watch the movie, as it has many scenarios, and you might experience those as you go through your adventurous life.

# WILLY WONKA
## A DELECTABLE FAMILY ADVENTURE



**Shraddha**
*Year 7, King's Hove School*

In the realm of family-friendly films, "Willy Wonka" stands out as a delightful treat for viewers of all ages. This film, with its rich blend of fantasy, comedy, and an abundance of chocolate, offers a spectacular experience that is both entertaining and heartwarming.

"Willy Wonka" follows the enchanting journey of a young chocolatier named Willy Wonka, who, armed with nothing but a hatful of dreams, transforms the world one delectable bite at a time. This storyline, while seemingly simple, is infused with magical elements that captivate the imagination and transport viewers to a whimsical world of wonder and confectionery delights.

At its core, "Willy Wonka" is a celebration of chocolate. Willy, the protagonist, dedicates his life to the creation of exquisite chocolate treats. The film's rich depiction of chocolate-making processes, from the mixing of ingredients to the final delicious products, is a feast for the eyes and the senses. Even for those who might not be chocolate enthusiasts, the film's vibrant presentation is likely to spark a newfound appreciation for the sweet treat. The actors in "Willy Wonka" deliver performances that are both engaging and memorable. Their dedication and effort are evident in every scene, adding depth and authenticity to the fantastical narrative. This level of commitment not only makes the film enjoyable to watch but also instils a sense of admiration and respect for the cast and crew. It's a testament to the hard work and creativity that went into bringing this magical world to life.

One of the most remarkable qualities of "Willy Wonka" is its ability to cater to viewers of all ages. The film's light-hearted comedy and enchanting fantasy elements make it suitable for young children, while its deeper themes and clever storytelling engage older audiences.

In conclusion, "Willy Wonka" is a unique blend of humour and fantasy creates a delightful viewing experience that is sure to leave a lasting impression. Whether you're a chocolate lover or simply looking for a fun and heartwarming film to enjoy with your family, "Willy Wonka" is well worth watching. Remember, "Willy Wonka" is more than just a movie – it's a magical journey that invites you to dream big and savour every moment.

# MY FAVOURITE MOVIE



**Advaith Praveen**
*Year 4*

One day, I happened to watch a short film called 'Alma '.Alma is a fascinating story of a young, curious girl who discovers a mysterious doll in a quiet shop,on a snowy day.I started to watch and surprisingly I got hooked onto it because it was building up suspense.Alma's curiosity, the setting and the eerie music kept me on the edge of my seat. The ending left me with questions that sparked my imagination. It left me thinking, who would be the next victim...

# A POEM ABOUT THE STUDIO GHIBLI FILM 'ARRIETTY'



**Tulsi Nair**
*Twelve years old. Lives in the Netherlands.*

Arrietty, a little person,
They call themselves Borrowers,
Stealing goods from the humans,
Always out of sight.
But one day she gets spotted,
By a human boy, Shawn.
Their friendship grows,
Through meeting at dawn.
But Arrietty had to leave with her family to somewhere else,
She will not be, forever gone...



# കമോഗ്ലിയിലെ കല്ലുമലകൾ!



**Sreekala Nair**
*Senior clinical coder in the NHS*

ജീവിതം ജനനത്തിൽ നിന്നും മരണത്തിലേക്കുള്ള തീർത്ഥയാത്രയാണെന്നാണ് പറയപ്പെടുന്നത്. ജീവിതത്തിലെ യാത്രകളോ, നമുക്ക് ഉണർവ്വും ഉന്മേഷവും പകരുന്നു, അറിവും, അനുഭവങ്ങളും മധുര സ്മൃതികളും നേടാൻ സഹായിക്കുന്നു.

രണ്ടായിരത്തി ഇരുപത്തിനാലു ഏപ്രിൽ അവസാനമായിരുന്നു ഞങ്ങളുടെ ഇറ്റലി യാത്ര. സത്യത്തിൽ നിനച്ചിരിക്കാതെ വീണുകിട്ടിയ ഒന്നായിരുന്നു അത്. സ്വിറ്റ്സർലൻഡ് യാത്ര കഴിഞ്ഞതേയുണ്ടായിരുന്നുള്ളു, അമേരിക്ക പ്ലാൻ ചെയ്തു വെച്ച് കാത്തിരിക്കുമ്പോഴാണ് ഏറ്റവും അടുത്ത സുഹൃത്തും കുടുംബവും ഒരാഴ്ചത്തേക്ക് ഇറ്റലിയിൽ പോകുന്നു, ഞങ്ങളും കൂടെ വേണമെന്ന് ഒരേ നിർബന്ധം. റോം വത്തിക്കാൻ, സെന്റ് പീറ്റേഴ്സ് ബസലിക്ക ഒക്കെ ബക്കറ്റ്ലിസ്റ്റിൽ മുൻഗണനയുള്ള സ്ഥലങ്ങൾ ആയതു കൊണ്ട് എനിക്കീ അവസരം ഒരു ലോട്ടറി ആയിത്തോന്നി. ഞാൻ, എന്റെ ആര്യപുത്രൻ, ഇളയമകൻ വിജയ് (എല്ലാ യാത്രകളുടെയും സംഘാടകനും, നേതാവും) പിന്നെ നേരത്തെ പറഞ്ഞ കുടുംബം ലതികയും, ഭർത്താവ് മോഹനും, മാളു എന്ന മകളും, മനു എന്ന മകനും അടങ്ങുന്ന സന്തുഷ്ട കുടുംബം.

രണ്ടായിരത്തി ഇരുപത്തിനാല് ഏപ്രിൽ ഇരുപത്തി ഏഴിന് ലണ്ടനിൽ നിന്ന് തിരിച്ചു, നാല് ദിവസം റോം, മൂന്നു ദിവസം ജെനോവ ഇതായിരുന്നു പ്ലാൻ. റോമിലെ ദിവസങ്ങൾ വളരെ ആസ്വാദ്യകരമായി കടന്നു പോയി. ഒന്നാം ദിവസം കുറെ ഏറെ നടന്നു, കൊടും വെയിൽ കൊണ്ട് നീണ്ട ക്യൂവിൽ നിന്ന് ’പാന്തിയൻ’ കണ്ടു. വിസ്മയകരവും മനോഹരവുമായിരുന്നു അത്. പുരാതനമായ നിർമ്മിതിയും അതിനെ സംരക്ഷിച്ചിരിക്കുന്നു രീതിയും പ്രശംസനീയമാണ്. ചരിത്ര പ്രസിദ്ധമായ സ്പാനിഷ് സ്റ്റെപ്പ്സ് കൊടും തിരക്ക് കാരണം ചുവട്ടിൽ നിന്ന് കാണാനേ കഴിഞ്ഞുള്ളു. ഞാൻ പ്രതീക്ഷിചിരുന്നതിനേക്കാൾ ഒരുപാട് തിരക്കുള്ള നഗരമാണ് റോം! എവിടെ നോക്കിയാലും ശിൽപ്പ ചാതുരി കൊണ്ട് വിസ്മയിപ്പിക്കുന്ന അതീവ മനോഹരമായ നിർമ്മിതികളായിരുന്നു റോമിൽ. ഒരിക്കലെങ്കിലും നമ്മൾ കണ്ടിരിക്കേണ്ടവ.

നൂറ്റാണ്ടുകളുട പഴക്കമുണ്ടെങ്കിലും ഇന്നലെ പിറവികൊണ്ടതുപോലെ പുതുമ തോന്നുന്ന ചരിത്ര പ്രസിദ്ധമായ ട്രേവി എന്ന വെള്ളച്ചട്ടമായിരുന്നു മറ്റൊരത്ഭുതം. ലോകത്തിലെ ഏറ്റവും നീളം കൂടിയ നദിയായ നൈലും, ലോകത്തിലെ ഏറ്റവും വീതികൂടിയ, യൂറോപ്പിലൂടെ പോയിച്ചെന്നു തെക്കേഅമേരിക്കയെ തൊട്ടു കരിംകടലിൽ പതിക്കുന്ന, ഉള്ളിൽ വെള്ളിയുണ്ടെന്നു വിശ്വസിക്കപ്പെടുന്ന റിയോ ഡെലാപ്ലേറ്റായും പിന്നെ നീളത്തിന്റെ കാര്യത്തിൽ യൂറോപ്പിലെ രണ്ടാമനായ ഡാന്യൂബും, കൂടാതെ ഏഷ്യയിലെ പുണ്യനദിയായ നമ്മുടെ സ്വന്തം ഗംഗയും അടങ്ങുന്ന നാല് നദികളാണ് ഈ മനോഹര വെള്ളച്ചാട്ടം പ്രതിനിധീകരിക്കുന്നത്! മൂന്നു സ്ട്രീറ്റുകൾ സംഗമിക്കുന്നിടത്തു സ്ഥിതിചെയ്യുന്നത് കൊണ്ട് ട്രേവി എന്ന പേരും വന്നു. ട്രേവി എന്ന നാമം നമ്മുടെ ത്രിവേണി കോപ്പി ചെയ്തതാണെന്ന് പറഞ്ഞു സംഘികളും, ഗംഗയെ പ്രതിനിധീകരിച്ച ഇറ്റലി സംഘിയാണ് എന്ന് പറഞ്ഞു കമ്മികളും തുടങ്ങരുതേ എന്നപേക്ഷിക്കുന്നു.

പിന്നത്തെ രണ്ടു ദിവസം ഇറ്റലിയിൽ കണ്ടത് ഇപ്പറഞ്ഞതിനെക്കാളും പ്രസിദ്ധമായ സംഭവങ്ങളാണ് . അതിൽ മാർപാപ്പയുടെ ആസ്ഥാനമായ വാത്തിക്കനും, സെയിന്റ് പീറ്റേഴ്സ് ബസലിക്കയും കൂടാതെ ഇപ്പോഴും വിസ്മയവും ഞടുക്കവും വിട്ടുമാറാതെ നിലകൊള്ളുന്ന ചരിത്രാവശിഷ്ടമായ കൊളസ്സിയവും ഉൾപ്പെടുന്നു. അതൊക്കെ വിശദീകരിക്കണമെങ്കിൽ ഒരു ലേഖനത്തിനപ്പുറം ഒരു ബുക്ക് തന്നെ എഴുതേണ്ടിവരും. മാത്രമല്ല ഇവിടെ നമ്മുടെ പ്രധാനലക്ഷ്യം കാമോഗ്ലിയാണല്ലോ. അതുകൊണ്ടു ജനോവയിലേക്കു പോകാം.

യാത്രയുടെ അഞ്ചാം ദിവസം വെളുപ്പിനെ അഞ്ചരയ്ക്കാണ് ഞങ്ങൾ ട്രെയിൻ മാർഗ്ഗം ജനോവായിലേക്കു തിരിച്ചതു. ഉച്ചയ്ക്ക് പന്ത്രണ്ടു മണിയോടെ ഞങ്ങൾ കമോഗ്ലി എന്ന കടലോര ഗ്രാമത്തിലെത്തി. ഞങ്ങൾ ബുക്ക് ചെയ്തിരിക്കുന്ന ’കാരിക്ക്’ ഹോട്ടലിൽ മൂന്നുമണിക്കേ പ്രവേശനമുള്ളൂ. പെട്ടികളുടെ ഭാരമൊക്കെ ഹോട്ടൽ റിസെപ്ഷനിലിറക്കി വെച്ച് ഞങ്ങൾ വെറുതേ കമോഗ്ലി കടൽ

ത്തീരത്തിലൂടെ കറങ്ങി നടന്നു. ദൗർഭാഗ്യമെന്നു പറയട്ടെ നല്ലമഴയും ഇരുട്ടുമായിരുന്നു അപ്പോൾ. കൂട്ടിനു കുടലുകരിയുന്ന വിശപ്പും! അതുകൊണ്ടാവണം ഹോട്ടലുകാർ കനിഞ്ഞു നൽകിയ കുടയും ചൂടിയുള്ള ആ നടത്തം അത്ര സുഖകരമായിരുന്നില്ല. എങ്കിലും കടലോരത്ത് നല്ല പച്ച മീനിന്റെ മണം അടിച്ചപ്പോൾ മൽസ്യപ്രിയരായ ഞങ്ങൾ അതിന്റെ ഉറവിടംകണ്ടെത്താനായി ഉത്സാഹികളായി! അങ്ങനെ പീറ്റ്സാ തേടി കുട്ടികൾ അവരുടെ വഴിക്കും മുതിർന്നവർ മൽസ്യഗന്ധമുള്ള ഒരു റെസ്റ്റോറന്റിലും കയറി! അത്യാവശ്യം ഇരുപ്പിട സൗകര്യങ്ങൾ മാത്രമുള്ള ഒരു സ്ഥലം. വിലയുടെ കാര്യത്തിലൊഴികെ ഒന്നിലും അത് ഉന്നതിയിലായിരുന്നില്ല! ചുറ്റുവട്ടത്തിരിക്കുന്നവരുടെ ഒക്കെ പ്ലേറ്റിലെ ജീവൻ പാ ടേ വിട്ടു മാറാത്ത മീനിന്റെ ലക്ഷണം കണ്ടപ്പോൾ പെണ്ണുങ്ങളായ ഞങ്ങൾ പതുക്കെ വെജിറ്ററിയനി ലേക്കു ചുവടുമാറ്റി. എന്തോ ഒന്ന് കഴിച്ചെന്നു വരുത്തി. ആൺ പ്രജകൾ ഒരാൾ ട്യൂണയും മറ്റൊരാൾ മിക്സിട് സീ ഫുഡും ഓർഡർ ചെയ്തു. വീട്ടിലാണെങ്കിൽ അരക്കിലോ മസാലയും കലക്കി അരമണിക്കൂർ വേവിച്ചു കഴിയ്ക്കുന്ന മൽസ്യം, ചോരമണം മാറാതെ പച്ചപ്പോടെ രണ്ടാളും വിമ്മിഷ്ട്ടപ്പെട്ടു കഴിക്കുന്നത് ഞങ്ങൾ കണ്ടു! വിശപ്പാണേറ്റവും വല്യ രുചിക്കൂട്ടെന്നു ഒരിക്കൽ കൂടി എല്ലാവരും തിരിച്ചറിഞ്ഞു!! അന്നത്തെ ദിവസം ബാക്കി കുറെ നടന്നും അൽപ്പം വിശ്രമിച്ചും ഒക്കെ കഴിഞ്ഞു.

പിറ്റേന്ന് രാവിലെ വീണ്ടും ബീച്ചിലേക്ക് പോയി. കാമോഗ്ലിയിലെ ബീച്ചിനെ അതി മനോഹരമാക്കുന്നത് കടലിനെ തൊട്ടുരുമ്മി നിരയായി ഉയർന്നു നിൽക്കുന്ന പുരാതനമായ കടും നിറമുള്ള കെട്ടിടങ്ങളും, അതിനിടയ്ക്കിടെ ഒരു പച്ചപ്പിന്റെ അരഞ്ഞാണവും പിന്നെ ചുവടെ നിലത്തു തേച്ചുമിനുക്കിയതു പോലെ വെളുപ്പും ഇളംനിറങ്ങളുമുള്ള കുഞ്ഞിക്കല്ലുകളുമാണ്. എത്രനേരം നടന്നീകല്ലുകൾ പെറുക്കിയാലും നമുക്ക് വിരസത തോന്നുകയില്ല. പിന്നീട് ഞങ്ങൾ ജെനോവ നഗരം മുഴുവൻ ചുറ്റിക്കറങ്ങിക്കണ്ടു. മാർക്കെറ്റുകൾ കയറിയിറങ്ങി നടന്നു. കണ്ണിൽകണ്ട സ്ട്രീറ്റ് ഫുഡ് ഒക്കെ വാങ്ങിക്കഴിച്ചു. ഇറ്റാലിയൻ ഡിസൈനിൽ ചിലതൊക്കെ കണ്ണിലുടക്കിയെങ്കിലും തൊട്ടാൽ പൊള്ളുമെന്നുള്ളത്കൊണ്ട് മനസ്സിന് കടിഞ്ഞാണിട്ട് അകലം പാലിച്ചു.

ജനോവയിലെ മൂന്നാം ദിവസം മെയ് മൂന്നിനാണ് ഞങ്ങൾ കാമോഗ്ലിയിൽ ട്രെക്കിങ്ങിന് പോകാൻ തീരുമാനിച്ചത്. ആയിരം മൈലുകളുള്ള യാത്രയും തുടങ്ങുന്നത് ഒരു ചുവടിൽ നിന്നാണെന്നാണല്ലോ. അങ്ങനെ രാവിലെ ഒൻപതു മണിയോടെ ഞങ്ങൾ ഏഴു അംഗ സംഘം വളരെ ഉഷാറായി ആദ്യത്തെ ചുവടു വെച്ചു ആദ്യമാദ്യം കുറച്ചു സമനിരപ്പായിരുന്ന വഴി പിന്നെ കുത്തനെ ആയിത്തുടങ്ങി. ആരും ട്രെക്കിങ്ങിനായി മാനസികമായോ ശാരീരികമായോ ഷൂസ് തുടങ്ങിയ കാര്യത്തിലോ ഒന്നും അത്ര തയ്യാറെടുപ്പുകൾ നടത്തിയിരുന്നില്ല. ഒരു ആവേശത്തിന് അങ്ങ് ഇറങ്ങിത്തിരിച്ചു. സംഭവം എത്രത്തോളം ആയാസകരവുമെന്നുമറിയില്ല. ആകെക്കൂടി ഈ വിഷയത്തിൽ മുന്പരിചയമുള്ളതു നിത്യ സഞ്ചാരിയായ വിജയ്ക്ക് മാത്രമാണ്. കൂടെയുള്ള കുടുംബത്തിൽ ഗൃഹനാഥനാണെങ്കിൽ മുട്ട് മാറ്റിവെയ്ക്കൽ കഴിഞ്ഞ ആളാണ്. പക്ഷെ കക്ഷിയുടെ ശ്രീമതി ഏത് മലയും മയിലുപോലെ പറന്നു കേറാൻ പ്രാഗൽഭ്യമുള്ള ഉന്മേഷവതിയും! മക്കളിൽ മകൾക്കു ഓരോ നേരത്തെ മൂടാണ് എല്ലാം, പൊതുവെ അന്ന് കക്ഷി അത്ര നല്ല മൂഡിലായിരുന്നില്ല. മനു ഫിറ്റ് ആൻഡ് വെൽ. എന്റെ കണവനും ഉശിരിനു കുറവില്ല അഥവാ ഇനി ഉണ്ടെങ്കിലും തെല്ലും പുറത്തു കാണിക്കില്ല. പിന്നെ ഞാൻ ആശയും ആവേശവും ഉണ്ടെങ്കിലും മനസ്സ് ഉദ്ദേശിക്കുന്നിടത്തു ശരീരം എത്തിക്കാൻ കുറെ കൂടുതൽ പാട് പെടേണ്ടി വരുന്നവൾ!

ഒരു പത്തു പതിനഞ്ചു മിനുട്ടു കഴിഞ്ഞപ്പോഴേ ശ്വാനനെപ്പോലെ ഞാൻ കിതയ്ക്കാൻ തുടങ്ങി! എല്ലാവരും മുൻപേ പോയിക്കഴിഞ്ഞു, ഒടുവിൽ അബലരായി ഞാനും ഒപ്പം എനിക്ക് കൂട്ടിനോ അതോ പ്രോസ്തെസിസിന്റെ പ്രയാസമോ നമ്മുടെ സുഹൃത്തു മോഹനും മാത്രമുണ്ട് പുറകിൽ. ആദ്യത്തെ ലാൻഡിംഗ് ആണ് സാൻ റോക്കോ. അത് ഏതാണ്ട് സമുദ്രനിരപ്പിൽ നിന്നും രണ്ടായിരത്തിലേറെ അടി ഉയരത്തിലാണ്. അവിടെ വരെ എത്താൻ ഞങ്ങൾ ഒരു മണിക്കൂറെടുത്തു. അവിട ഒരു വലിയ പ്ലാറ്റഫോം പോലെയുള്ള ലാൻഡിംഗ് ആണ്. സാൻ റോക്കോ പള്ളി, കോഫി ഷോപ്പ് റസ്റ്റ് റൂം തുടങ്ങിയ സൗകര്യങ്ങളുമുണ്ട്. കൂടാതെ മൂന്നു ചുറ്റും നോക്കിയാൽ തൂവെള്ളത്തിരമാലയണിഞ്ഞ നീലക്കടലും അതിനു മീതെ കൊടും പച്ചപ്പും നിറയെ നിറമുള്ള കെട്ടിടങ്ങളും അതീവ ഹൃദ്യമായ കാഴ്ചയാണ്. അവിടെ വിശ്രമം കഴിഞ്ഞു കുറെ ഫോട്ടോ എടുത്തു. ഇനി യാത്ര തുടരണോ തിരികെപ്പോകണോ എന്നായി സംശയം. വേറെയും ചുരുക്കം ചില ആൾക്കാർ ഒക്കെ പോകുന്നുണ്ടെങ്കിലും ഈ കമോഗ്ലി യാത്രയ്ക്കിടയിൽ മാത്രം. മലയാളികളെപ്പോയിട്ടു ഒരു ഇന്ത്യക്കാരനെപ്പോലും കണ്ടുമുട്ടിയില്ലെന്നത് ഞങ്ങളെ വിസ്മയിപ്പിച്ചു.

എന്തായാലും ഇറങ്ങിയില്ലേ രണ്ടു മണിക്കൂറോളം കയറി കുന്നിറങ്ങിയാൽ അടുത്ത തീരത്ത് നിന്ന് ബോട്ട് എടുത്തു അര മണിക്കൂർ കൊണ്ട് തിരികെ കാമോഗ്ലിയിൽ ചെല്ലാമെന്നു ആണറിവ്. റേഞ്ച് ഉള്ളതനുസരിച്ചു ഇടയ്ക്കിടെ വിജയ് റൂട്ട് നോക്കുന്നുമുണ്ട് . എന്തായാലും യാത്ര തുടരാൻ തീരുമാനിച്ചു, രണ്ടു മണിക്കൂറല്ലേ എങ്ങനെയേലും ഒപ്പിക്കാം ശരീരഭാരം കുറെ കുറഞ്ഞുകിട്ടിയാൽ നല്ലതല്ലേ എന്നായി എന്റെ ചിന്ത. അങ്ങനെ ഞങ്ങൾ യാത്ര തുടരാൻ തന്നെ ഉറപ്പിച്ചു. ഇവിടം മുതൽമുന്നോട്ടു മാളു ഇടയ്ക്കിടെ വല്ലാതെ ക്ഷീണിച്ചോ പേടിച്ചോ പ്രതിഷേധത്തിലോ ഒക്കെ ആയിരുന്നു. മുന്നോട്ടുള്ള യാത്രയോ അതീവ ദുഷ്ക്കരം! നേരിയ നനവും വളരെ വഴുക്കുമുള്ള കല്ലുകൾ നിറഞ്ഞ ഇടുങ്ങിയ വഴി മേൽപ്പോട്ടു നോക്കിയാൽ ഘോരവനം! വൻവൃക്ഷങ്ങളുടെ

നിഴൽ വീണുറങ്ങുന്ന ഇരുട്ട് പരന്ന വഴി, താഴേക്ക് നോക്കിയാൽ അഗാധ ഗർത്തം, ശേഷം ആഴക്കടൽ! അതോടെ എല്ലാവരിലും നല്ല ഭീതിയുറഞ്ഞു. എങ്കിലും മറ്റൊരാൾ അത് മനസ്സിലാക്കാതിരിക്കാതിരിക്കാൻ ഓരോത്തരും പാട് പെടുന്നുണ്ട്. പക്ഷെ ഒരുപാട് ദുഷ്കരമായിടത്തെത്തുമ്പോൾ മാളു പേടിച്ചു കരയാൻ തുടങ്ങി! ‘നോ....ഐ ക്യാൻ’നോട് ടു ഇറ്റ് എനി മോർ, ഐ വാണ്ട് റ്റു ഗോ ബാക്‘ അപ്പോൾ എല്ലാവരും പേടിച്ചു വിഷമിച്ചു നിസ്സഹായരായി. സഹായിക്കാൻ ശ്രമിച്ച ആരുടേയും സഹായത്തിനവൾ കൈ നീട്ടത്തുമില്ല! മാളുവും വിജയും എന്നും നല്ല കൂട്ടായത് കൊണ്ടോ എന്തോ, ഒടുവിൽ രക്ഷയില്ലെന്ന് കണ്ടപ്പോൾ അവൾ വിജയ്യുടെ മാത്രം സഹായം സ്വീകരിച്ചു. വിജയ് എന്തിനും ഏതിനും അങ്ങേയറ്റം പെർഫെക്ഷൻ ആൻഡ് പ്ലാനിംഗ് വേണമെന്ന് അതീവ ശാഠ്യമുള്ള ആളാണ്! അവനാകെ അപ്സെറ്റ് ആൻഡ് ഗിൽറ്റി ആയി. അങ്ങനെ രണ്ടു മൂന്നിടത്ത് ഇരുന്നും കരഞ്ഞും ഒന്നര മണിക്കൂർ കഴിഞ്ഞു മറ്റൊരു വിജനമായ ലാൻഡിങ്ങിൽ എത്തി. ചുരുക്കം ചില മനുഷ്യരെയെ ഇതിനിടയ്ക്ക് കണ്ടിരുന്നുള്ളു. അവരൊക്കെ ഉത്സാഹഭരിതരായി ഞങ്ങളെ കടന്നു പോയി.

ഈ ലാൻഡിങ്ങിൽ നിന്നും രണ്ടു വഴിയിലൂടെ പോകാം. ഒന്ന് മൂന്നര മണിക്കൂർ മറ്റേതു രണ്ടര മണിക്കൂർ. ഞങ്ങളുട ലക്ഷ്യം സാൻഫ്രൂട്ടോസോയാണ് . അവിടുന്ന് ബോട്ടു മാർഗ്ഗം കമോഗ്ലി.

സ്വാഭാവികമായും ഞങ്ങൾ രണ്ടര മണിക്കൂർ റൂട്ട് തന്നെ എടുത്തു. അവിടം മുതലാണ് മറ്റൊരു ട്വിസ്റ്റ്! ഇത് വരെ കരയുകേം ശാഠ്യം പിടിക്കേം ചെയ്തതിന്റെ ചമ്മലാണോ അതോ എങ്ങനെയെങ്കിലും ലക്ഷ്യ സ്ഥാനത്തെത്തിയാൽ മതിയെന്നുള്ള ചിന്തയാണോ മാളു എല്ലാവരെയും വിട്ടു മുന്നിൽ കേറി നടന്നു തുടങ്ങി. കുറെ കഴിഞ്ഞപ്പോഴേക്കും ഞങ്ങൾക്ക് അവളുമായി ഒരു സമ്പർക്കവും ഇല്ലാതെയായി!! ഫോൺ റേഞ്ചില്ലല്ലോ. ഓരോ അടി മുന്നോട്ടു വെയ്ക്കും തോറും എന്റെയും ലതികയുടെയുമുള്ളിൽ നൂറു കൂട്ടം ചിന്തകളാണ്. ദൈവമേ! വിജനമായ കൊടും വനം, താഴെ ആഴക്കടൽ, അങ്ങുമിങ്ങും ആളനക്കം! കുട്ടിക്കെന്തു സംഭവിച്ചോ അവൾ സുരക്ഷിതയാണോ .. എല്ലാവരുടെയും മുഖത്തും മനസ്സിലും ഇപ്പോൾ മാളു എവിടെ എന്ന ഭീതിയായി! ഒന്നിനേക്കാൾ വല്യ മറ്റൊന്ന് വരുമ്പോൾ നമ്മൾക്കു എപ്പോഴും ആദ്യത്തേതിന്റെ തീവ്രത കുറയുമല്ലോ! അങ്ങനെ ഞങ്ങൾ ഏറെ തളർന്നെങ്കിലും കുട്ടിയെവിടെ എന്ന ചിന്തയിൽ നടത്തത്തിന്റെ വേഗത കൂട്ടി.

പോകുന്ന വഴി കുറെ പിന്നിട്ടപ്പോൾ ഏകാകിയായ ഒരു യാത്രികൻ തിരികെയുള്ള റൂട്ടിലേക്കു ഞങ്ങൾക്കു അഭിമുഖമായി വരുന്നു. അയാൾ പറഞ്ഞു ’മാളു ടോൾഡ് മി റ്റു ലെറ്റ് യു കനോ ദാറ്റ് ഷീ ഈസ് സേഫ്, ആൻഡ് വൈയ്റ്റിങ് ഡൌൺ‘! അതിനു ശേഷമാണ് ഞങ്ങൾക്ക് ശ്വാസം നേരെ വീണത്.

അപ്പോൾ ലതിക മൗനം ഭേദിച്ചു ‘എന്റെ കൃഷ്ണാ എന്റെ പ്രാർത്ഥന നീ കേട്ടു‘! എങ്കിലും ഉള്ളിൽ സംശയം ബാക്കി നിന്നു.

അവിടം മുതൽ മുന്നോട്ടു പിന്നെ ഇറക്കമായിരുന്നു . കൂടുതൽ മനുഷ്യ സാന്നിദ്ധ്യം അനുഭവപ്പെട്ടു തുടങ്ങി. ഇടയ്ക്കു ആളുകൾ എന്തൊക്കെയോ വഴി നന്നാക്കലും മറ്റും നടത്തുന്നു. കുറെ ഇറങ്ങി ചെന്നപ്പോൾ അടുത്ത ലാൻഡിങ്ങിലെത്തി. അവിടെ ഒരു ഒലിവുമരച്ചുവട്ടിലെ ബെഞ്ചിൽ മാളു പേടിച്ചരണ്ട ഒരു മാൻകുട്ടിയെപ്പോലെ കണ്ണും തുടച്ചു കൊണ്ടൊരു സ്ത്രീയോടെന്തൊക്കെയോ സംസാരിച്ചിരിക്കുന്നുണ്ട് ഞങ്ങളെക്കണ്ടതും അവൾക്കു ആശ്വാസമായി!. ആ സ്ത്രീയുടെ പേര് ഓർമ്മയില്ല. പക്ഷെ അവിടെ അവരുടെ വീടും ഒരു കുഞ്ഞു കടയും അല്പമൊക്കെ അത്യാവശ്യമുള്ള ആഹാരവും, കോഫി, ബിയർ ഇവയൊക്കെയും വിൽക്കുന്നുണ്ട്. അവരുടെ വീട്ടിൽ ടോയ്‌ലറ്റ് സൗകര്യങ്ങളുമുണ്ട്. എങ്കിലും യാതൊരു ഗതാഗത സൗകര്യമോ മറ്റു മനുഷ്യ വാസമോ ഇല്ലാത്ത അവിടെ അവർ എങ്ങനെ ജീവിക്കുന്നു എന്നതെന്നെ ഇപ്പോഴും വിസ്മയിപ്പിക്കുന്നു!!

ഞങ്ങളെല്ലാവരും വളരെ സന്തോഷത്തിലാണ്, കാരണം മലകയറ്റം വിജയകരമായിക്കഴിഞ്ഞു, എല്ലാവരും സുരക്ഷിതർ, വിശപ്പ് മാത്രമാണ് വിഷയം അതിനിപ്പോൾ ഉടൻ തന്നെ ഭക്ഷണം കിട്ടും ആനന്ദലബ്ധിക്കിനിയെന്തു വേണം!

തൊട്ടടുത്ത നിമിഷം തലയിൽ അടുത്ത ഇടിത്തീ വീണു! മോശം കാലാവസ്ഥ കാരണം സൺഫ്റോറ്റോസോയിൽ നിന്നും കാമോഗ്ലിയിലേക്കുള്ള ബോട്ടുകൾ ഇനി ഒരു അറിയിപ്പുണ്ടാകുന്നത് വരെ നിർത്തിവെച്ചിരിക്കുന്നു എന്ന് ആ സ്ത്രീയിൽ നിന്നും അറിയാൻ കഴിഞ്ഞു. ആകെപ്പാടെ ബഹളമായി, ഉറക്കെ കരയാനാണ് എനിക്ക്തോന്നിയത്. കാരണം ഇനി മുന്നോട്ടു ഇറക്കം ഇറങ്ങി ചെന്നാൽ കടൽ മാത്രമേയുള്ളു.

പുറകോട്ടു പോകാൻ ഇനി വീണ്ടും കയറിവന്ന വനത്തിലൂടെ നാല് മണിക്കൂറോളം ഇറങ്ങണം. കൂട്ടത്തിൽ ഒരൊറ്റ ആൾക്ക് പോലും അതിനുള്ള ആരോഗ്യമോ മനസ്സാന്നിദ്ധ്യമോ ഇല്ലേയില്ല. എവിടെയെങ്കിലും കുത്തിയിരുന്നു നേരം വെളുപ്പിക്കാമെന്നു വെച്ചാലോ പിറ്റേന്ന് വെളുപ്പിനത്തെ ഫ്ലൈറ്റ്നു തിരികെ പോരേണ്ടതാണ്.

ആദ്യത്തെ വെപ്രാളത്തിനു ശേഷം അവിടെക്കണ്ട സ്ത്രീയോട് തന്നെ രക്ഷാ മാർഗ്ഗങ്ങൾ തേടി. അതിനിടെ എവിടെച്ചെന്നാലും ’ആദ്യം മദ്യം’ എന്ന ശൈലിയിൽ നിറഞ്ഞു പതഞ്ഞിരുന്ന രണ്ടു ബിയർ ഗ്ലാസ്സുകൾ ആർക്കും വേണ്ടാതെ അനാഥമായി; കുടിച്ചോ കുടിക്കാതെയോ എവിടെയോ മറഞ്ഞു!! ഞങ്ങളുടെ ആധിയും ഭീതിയും കണ്ടപ്പോൾ സന്മനസ്സുള്ള ആ സ്ത്രീ ഒരുപാധി പറഞ്ഞു. പ്രൈവറ്റു ആയി ബോട്ട് വിളിയ്ക്കാൻ പറ്റിയേക്കുമെന്നു.



അതും സ്വന്തം റിസ്കിൽവരാൻ ആളുണ്ടെങ്കിൽ, നമ്മളും റിസ്ക് എടുക്കണം, അങ്ങനെ ഒരു നമ്പറിൽ വിളിച്ചു, ഞങ്ങളുടെ ഫോണിൽ നിന്ന് വിളിക്കാനും പറ്റുന്നില്ല. ഒടുവിൽ അവർ വിളിച്ചു നോക്കി, ആദ്യത്തെ രണ്ടു പേരും പറ്റില്ലാന്നു പറഞ്ഞു. ഞങ്ങളുടെ പ്രാർത്ഥനയുടെ ആഴവും, നേർച്ചയുടെ കനവും കൂടിക്കൊണ്ടിരുന്നു. ഞാൻ മനസ്സിൽ ഉറപ്പിച്ചു എന്തായാലും ഇനി നാലുമണിക്കൂറോളം കുത്തനെ ഇറക്കം ഇറങ്ങാൻ എന്നെ കൊണ്ടു പറ്റില്ല , ജീവിതം പോലെയല്ല ട്രെക്കിങ്ങിൽ കയറ്റത്തേക്കാൾ ഒരുപാട് ദുഷ്കരമാണ് ഇറക്കം. അതിൽ ഭേദം കടലിൽ ചാടി ചാകുന്നതാവും എന്നൊക്കെ. ഒന്ന് പിഴച്ചാൽ മൂന്നു എന്നല്ലേ, ഒടുവിൽ അവർ വിളിച്ച മൂന്നാമൻ സമ്മതിച്ചു, രണ്ടു, മൂന്നു വ്യവസ്ഥയിൽ. ഒന്ന് മുന്നൂറു യൂറോ വേണം, രണ്ടു നാൽപ്പത്തഞ്ചു മിനിറ്റ് വെയിറ്റ് ചെയ്യണം, കടൽ ക്ഷുഭിതമാണ് ഗ്യാരണ്ടിയില്ല അങ്ങെത്തുമെന്നു. ഞങ്ങൾ ഒന്നും ചിന്തിക്കാതെ എല്ലാം നിരുപാധികം സമ്മതിച്ചു!

പക്ഷെ പേയ്മെന്റ് കൊടുക്കും വരേയ്ക്കും ഞങ്ങൾ കരുതിയത് മുന്നൂറുന്നു ആ സ്ത്രീക്ക് തെറ്റിയതാകും അയാൾ ചോദിച്ചത് മൂവായിരം ആയിരിക്കും എന്നാണു. ഞങ്ങളുടെ ആ അവസ്ഥയിൽ എത്ര ചോദിച്ചാലും ഉത്തരം സമ്മതം ആയിരുന്നു! മറ്റൊന്നും ചിന്തിക്കാൻ ഉണ്ടായിരുന്നില്ല.

നാല്പത്തഞ്ചു മിനിറ്റ് ഉള്ളത് നന്നായി. അത്രയുമെങ്കിലും സമയം വേണം ഞങ്ങൾക്ക് വീണ്ടും താഴേക്കുള്ള ഇറക്കത്തിനു. ശരിക്കും വളരെ ബുദ്ധിമുട്ടിയാണ് ഇറങ്ങി താഴെ എത്തിയത്. താഴെ എത്താറായപ്പോൾ അങ്ങകലെ നിന്നും ഒരു കുഞ്ഞു പക്ഷിയെപ്പോലെ തിരകളിൽപ്പെട്ടു ആടിയുലഞ്ഞു ഉയർന്നും താണും വരുന്ന ഒരു കുഞ്ഞു പക്ഷിയെപ്പോലെ ആ ബോട്ടിന്റെ ദൃശ്യം!! സത്യം പറയാമല്ലോ എന്റെ ഇന്നേവരെയുള്ള ജീവിതത്തിൽ ഏറ്റവും ആശ്വാസം തോന്നിയ നിമിഷം അതാണ്!! അപ്പോൾ അവിടെയുണ്ട് ചിലരൊക്കെ ഇങ്ങനെ കൂട്ടം കൂടിയും അല്ലാതെയും ബോട്ട് കാത്തു നിൽക്കുന്നു.!! അപ്പോൾ വീണ്ടും ഭീതി കൂടി അവർ ആദ്യം ബോട്ടിൽ ചാടിക്കയറിയെങ്കിലോ ഞങ്ങളും തീരത്തോട് കൂടുതൽ നീങ്ങി. പക്ഷെ കടും നീല നിറം പൂണ്ടു ആഴമേറിയ കടലും ആർത്തലയ്ക്കുന്ന തിരയും ഞങ്ങളെ അപ്പാടെ ഒപ്പിയെടുത്തോണ്ടു പോകും പോലെ, നനയിച്ചു കൊണ്ടിരുന്നു. ഭയംപൂണ്ടു ഞാൻ നനയാതിരിക്കാൻ വേണ്ടി അൽപ്പം ഉയരം ഉള്ളിടത്ത് ഒരു പാറയിൽ കയറി ഞണ്ടിനെപ്പോലെ അള്ളിപ്പിടിച്ചു മുഖം തിരിച്ചിരുന്നു.

ശേഷം ഏതാണ്ട് പത്തു മിനുട്ടിനുള്ളിൽ ബോട്ട് എത്തി, പ്രായമായ ഒരു ഡ്രൈവറും അയാളുടെ മകൻ എന്ന് തോന്നിക്കുന്ന ഒരു കൊച്ചു പയ്യനും ഉണ്ടായിരുന്നു അതിൽ. അവരൊരു വിധം എങ്ങനെയെങ്കിലും കയറാൻ പറ്റുന്നിടത്തേക്കു ബോട്ട് അടുപ്പിച്ചു. മറുവശത്തു മലനിരകൾ ആകാശത്തെ ചുംബിച്ചു വന്യമായി വിഴുങ്ങാൻ നിൽക്കും പോലെ ഉയർന്നു നിന്നിരുന്നു.ഞങ്ങൾ ഏതോ അഗാധ ഗർത്തത്തിലെന്നപോലെ, നമുക്ക് ചുറ്റും നിർദ്ദയം ആർത്തലച്ചു വരുന്ന തിരമാലകൾ! 'ചെകുത്താനും കടലി

നും നടുവിൽ' എന്നതെന്താണെന്നു, അക്ഷരാർത്ഥത്തിൽ തിരിച്ചറിഞ്ഞ നിമിഷം. ബോട്ട്ഞങ്ങൾ കാത്തുനിന്നിരുന്ന പാറയുടെ വശത്തടുപ്പിച്ചിട്ടു കയറോ കയ്യോ ഒക്കെ സഹായത്തിന് നൽകി ഞങ്ങളെ അവർ വല്ല വിധവും വലിച്ചു ബോട്ടിൽകയറ്റി. ആ സമയത്തൊക്കെ 'സമ്മതിക്കൂല്ല ഞാൻ' എന്ന മട്ടിൽ തിരമാലകൾ ഭീകരമായി ബോട്ടിനെ എടുത്തമ്മാനമാടുകയാണ്!! അപ്പോൾ അവിടെ നിന്നവരത്രയും ഈ ബോട്ടിൽ കേറാനോടി അടുത്തു. ക്യാപ്റ്റൻ പറഞ്ഞു ഏഴു പേർക്കുള്ള കാപ്പാസിറ്റിയെ ഉള്ളു മറ്റാരും കയറരുതെന്നു. അവർ കെഞ്ചി നോക്കിയെങ്കിലും ക്യാപ്റ്റൻ കനിഞ്ഞില്ല . ഞങ്ങളിൽ ഒരാൾ മാത്രം അവർക്കൊപ്പം കരഞ്ഞപേക്ഷിച്ചു അവരെ കൂടി കയറ്റൂ, മറ്റുള്ളവർ പറഞ്ഞു വേണ്ട അത് നമുക്കും അപകടമാണ് !!!

പിന്നീടിങ്ങോട്ടുള്ള നാല്പത്തഞ്ചു മിനിറ്റ് കമോഗ്ലി തീരം ലക്ഷ്യമാക്കിയോടുന്ന ആ ബോട്ടിൽ ആഴക്കടലിന്റെ അഗാധനീലിമയിൽ തിരകൾക്കൊപ്പം ഉയർന്നും താണും ആടിയാടി, പേടിച്ചരണ്ട്, ജീവൻ പണയപ്പെടുത്തി, ഭഗവാനെ ധ്യാനിച്ച് ഞങ്ങൾ മറുതീരത്തണഞ്ഞു. ഒരുപാട് അർത്ഥമുള്ള പരസ്പര നോട്ടങ്ങളല്ലാതെ ഞങ്ങളാരും സംസാരിക്കാൻ പോലും പ്രാപ്തരായിരുന്നില്ല കരയ്ക്കെത്തുവോളം! കാൽ കര തൊട്ട നേരത്താണ് ഇന്നേവരെയുള്ളതിൽ വെച്ചേറ്റവും ഹൃദയം നിറഞ്ഞ നന്ദി ഞങ്ങൾ ദൈവത്തിനർപ്പിച്ചത്.

ഇറങ്ങിയ ഉടൻ വിജയ് ദേഷ്യത്തിൽ ബോട്ടു ജെട്ടിയിൽ കണ്ട ടൂറിസ്റ് ഓഫീസിനെ ലക്ഷ്യം വെച്ചു നീങ്ങി ഉള്ളിലിരുന്ന സ്ത്രീയോട് പറഞ്ഞു ഇങ്ങനെയുള്ള അവസരത്തിൽ നേരത്തെ അറിയിക്കേണ്ടേ? യാതൊരു കൂസലോ കുറ്റബോധമോ ഇല്ലാതെ കൂൾ ആയി ആ സ്ത്രീ പറഞ്ഞു 'അതൊന്നും സാധ്യമല്ല'! ഞങ്ങളും പാഠം പഠിച്ചു, 'അപരിചിതമായ സ്ഥലങ്ങളിൽ കൂടുതൽ ആഴത്തിൽ ഗവേഷണം നടത്തി, കാലാവസ്ഥയും, കാഠിന്യവും, പ്ലാൻ ബിയും ഒക്കെ തിരക്കി ഉറപ്പിച്ച ശേഷം വേണ്ട എല്ലാ സന്നാഹങ്ങളോടും കൂടി മാത്രമേ മേലിൽ യാത്ര തിരിക്കാവൂ.'

തിരിച്ചു ഹോട്ടലിൽ എത്തിക്കഴിഞ്ഞപ്പോൾ ലതികയുടെ കണവൻ കളിയാക്കി ചിലരൊക്കെ ഇങ്ങനെ പാറപ്പുറത്അള്ളിപ്പിടിച്ചിരിക്കുന്നതു കാണാൻ നല്ല ചേലായിരുന്നു!

# THE WIND



**Meghna Menon**
*Studying in 11th Grade, Holy family HSS, Cherthala.*



Riding through the sky,
rushing past the river,
making the water giggle and jiggle....

It moves through the sky,
touching clouds and rainbows,
passing through the forest,
making the trees dance,
leaves, jumping up and down in joy!

As it glides through,
it sees the world below,
sometimes in ruins and sometimes prosperous ....

It comforts the people,
dry their tears,
it calls the rain,
to cool down the hot weather...

Even if you don't notice,
it is there with you,
in every lovely memory,
the wind accompanies you...

The wind can read your mind,
cheer up your heart and,
make bad thoughts fly away...

Even if you don't notice,
it has always guided you,
followed you in your paths...

In the summer, winter or monsoon,
a lovely wind always blows,

an icy cold wind in winters to, hot,
dry wind in summers ...

Even if you don't notice,
it has always supported you,
making you move ahead...

In every twist and twin of life,
a cool wind blows you,
helping you to muster up courage,
to face a new challenge ...

When you feel lonely or alone,
just look out through your windows,
it is always there.. the wind,
smiling at you....
Giving you company,
a friend to talk to,

who you cannot see but feel,
who listens patiently and gently blows away....

So, be careful when you are sharing secrets,
as an invisible friend, the wind,
may hear you!

# LUMINOUS

**Meghna Menon**

It's the end of the year,
a time to cheer, fear and desire,
and welcome the new year!

Here I am,
writing dreams in my note book,
in a dim light
such a poetic way to start a new year

Well, I am full of fear,
who knows what awaits me?,
that's another story to tell...

Looking out of the window,
at those lovely fire flies,
lighting up the dim night,
well, they seem to have no fright!

Looking at the moon,
who seems half to be full,
like a slice of an apple,
that shines bright through the canopy.....

The moon light,
spreads in the cold wind,
oh, how it spreads across the globe!

There, I am remembering,
all those incidents that happened;
in the year that has passed,
there's no return, that's a fact.

As the year has passed,
those old days are gone,
but at least we still remember,
How those memories lit up a dull evening!

The clock struck twelve,
it's the new year,

a time to cheer, fear and desire!

Just dream about a new year,
a new hope and wish to start over,
to fix all those mistakes, if made...

Ah, I stare at those light bulbs,
that flicker every now and then,
such a hard effort they make,
to keep glowing till the dawn comes,
dimly but lits up the night...

All these pictures in my surroundings,
give energy to my brain,
a new force that pulls me in to writing,
which makes me forget where I am
and what I'm doing...

Just some strange magic,
that pulls my pen down towards the paper,
that lies nearby in my desk...

There's so much I've got to do,
but still I'am writing,
not keeping my pen down,
going from one line to other,
lighting up a new world.
Those ideas that keep me awake,
even at midnight,
sometimes turn out to be,
a new path, a new light,
filled with thoughts and words...

They are like a night lamp,
that brighten up my dreams,
and keep my thoughts,
luminous and alive.........



*Mural painting by Dr.Sethulekshmy Nair*

VOL. 28

OCTOBER 2024

ISSN: 1468-7801



MAGAZINE OF KERALA ARTS & LITERARY ASSOCIATION (UK)